(3) 1986-ലെ കേരള പണം കടം കൊടുപ്പുകാർ (ഭേദഗതി) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, സബ് ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1986-ലെ കേരള പണം കടം കൊടുപ്പുകാർ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം): സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു.

1986-ലെ കേരള പണം കടംകൊടുപ്പുകാർ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2 മുതൽ 9 വരെയുള്ള വകുപ്പുകൾ

2 മുതൽ 9 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

2 മുതൽ 9 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായിത്തീർന്നു.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിത്തീർന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, 1986-ലെ കേരള പണം കടം കൊടുപ്പുകാർ (ഭേദഗതി) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം): സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു.

1986-ലെ കേരള പണം കടം കൊടുപ്പുകാർ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും വൈകുന്നേരം 4 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(വൈകുന്നേരം 4 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ രാവിലെ 9.53ന് പിരിഞ്ഞു.)

4 P.M.] (വൈകുന്നേരം 4 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ സഭ വീണ്ടും സമ്മേളിച്ചു.)

നിയമനിർമ്മാണകാര്യം—(തുടർച്ച)

(4) 1986-ലെ ഗാന്ധിജി സർവ്വകലാശാല (2-ാം ഭേദഗതി) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1986-ലെ ഗാന്ധിജി സർവ്വകലാശാല (2-ാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വനംവകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ): സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, റൂൾ 303 സബ് ക്ലാസ് (1) അനുസരിച്ച് ഒരു പോയിൻറ് ഓഫ് ഓർഡറുണ്ട്. 303 (1) അനുസരിച്ച്, "A point of order shall relate to the interpretation or enforcement of these rules or such Articles of the Constitution....."

മി. സ്പീക്കർ: സഭ റൂളനുസരിച്ചുതന്നെയാണ് നീങ്ങുന്നത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: So I am referring to the enforcement of Article 164 of the Constitution.

ശ്രീ. എ. സി. ഷൺമുഖദാസ്: ഭരണഘടനയ്ക്ക് എന്തെങ്കിലും sanctity ഉണ്ടെങ്കിൽ ഈ അസംബ്ലി നടക്കുമോ? .....(ബഹളം).....

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഭരണഘടനയുടെ പ്രസക്തമായ രണ്ട് ആർട്ടിക്കിളിനെ ആസ്പദമാക്കിയാണ് ഞാൻ പോയിൻറ് ഓഫ് ഓർഡർ ഉന്നയിക്കുന്നത്. Enforcement of Articles 164 and 188. Article 164 relate to the oath of office. Article 188 relate to the oath of office by the members. അപ്പോൾ റൂൾ 164 അനുസരിച്ചുള്ള oath of office-ൻറെ വയലേഷനുണ്ടായിരിക്കുന്നു.....

Mr. Speaker: Shri Varkala Radhakrishnan, there is no point of order. I won't allow.

ശ്രീ. ടി. എം. ജേക്കബ്: ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചതാണ്. സബ്ജക്ട് കമ്മിറ്റിക്ക് അയക്കുന്നതിനു മുമ്പ് നിയമസഭയിൽ ഇതിനെക്കുറിച്ച് ധാരാളം ചർച്ച സജീവമായി നടത്തിയിരുന്നു. അതിനുശേഷം ബിൽ വീണ്ടും സഭയുടെ പരിഗണനയ്ക്ക് കൊണ്ടുവന്നിരിക്കുകയാണ്. ഈ സ്റേജിൽ മറൊന്നും കൂടുതലായിട്ട് പറയാനില്ല. ഇതു പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എ. വി. താമരാക്ഷൻ: സർ, റൂൾ 303 അനുസരിച്ച് ഒരു പോയിൻറ് ഓഫ് ഓർഡറുണ്ട്. നിയമസഭാ ചട്ടം 303 അനുസരിച്ച് ഭരണഘടനാപരമായ ഒരു പ്രശ്നം അങ്ങയുടെ റൂളിംഗിനുവേണ്ടി അവതരിപ്പിച്ചിരിക്കുകയാണ്. ഭരണഘടനയുടെ.....

മി. സ്പീക്കർ: ഇവിടെ നമ്മൾ കോൺസ്റിറ്റ്യൂഷൻ ഡിസ്കസ് ചെയ്യുന്നില്ല. Mr. Thamarakshan, there is no point at this stage.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഇവിടെ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് അവതരിപ്പിച്ചതിനുശേഷം ബന്ധപ്പെട്ട മന്ത്രി ഒരു പുതിയ അമൻറ്മെൻറ് സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. അത് ഇപ്പോഴാണ് കിട്ടിയത്. ഇതു നേരത്തെ നമുക്കു കിട്ടിയിരുന്നില്ല. ബഹുമാനപ്പെട്ട വനംമന്ത്രൻ ഡിസൻറിംഗ് നോട്ട് ഇവിടെ കൊടുത്തുകഴിഞ്ഞു. അതിനുശേഷമാണ് ബഹുമാനപ്പെട്ട മന്ത്രി ക്ലാസ് രണ്ടിനുള്ള പുതിയ ഒരു അമൻറ്മെൻറ് സർക്കുലേറ്റ് ചെയ്തിരിക്കുന്നത്. ഈ അമൻറുമെൻറിനെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചിടത്തോളം എനിക്ക് ഇതിൽ ചില ഭേദഗതികൾ കൊടുക്കാൻ അവകാശമുണ്ട്. ഇപ്പോൾ അതിനുള്ള അവകാശം ഇല്ലാതായിരിക്കുകയാണ്. ഈ അമൻറുമെൻറ് ചർച്ചയ്ക്കു വരുമ്പോൾ എനിക്ക് ഭേദഗതി അവതരിപ്പിക്കാനുള്ള സന്ദർഭമുണ്ടാക്കിത്തരണം.

ശ്രീ. ബേബി ജോൺ: സർ, ഞങ്ങൾക്ക് ഭേദഗതി അവതരിപ്പിക്കേണ്ടേ? എപ്പോഴാണ് അതിന് സമയം തരുന്നതെന്ന് അറിയിക്കണം.

മി. സ്പീക്കർ: ചെയർ അതു പരിശോധിക്കാം.

ശ്രീ. ഇ. കെ. നായനാർ: സർ, ഇവിടെ പറഞ്ഞിരുന്നത് "thirty months shall be substituted" എന്നാണ്. അതിനുപകരം "forty-eight months" എന്നാണ് ഈ അമൻറുമെൻറിൽ പറഞ്ഞിരിക്കുന്നത്. അപ്പോൾ ഞങ്ങൾക്ക് ഭേദഗതി അവതരിപ്പിക്കേണ്ടേ? അതിന് സമയം വേണ്ടേ?

മി. സ്പീക്കർ: അത് ഞാൻ പരിശോധിക്കാം.

ശ്രീ. ടി. എം. ജേക്കബ്: സർ, ക്ലാസ് 2-ന് ഒരു ഒഫീഷ്യൽ അമൻറുമെൻറാണ് ഞാൻ മൂവു ചെയ്തിരിക്കുന്നത്. ഞാൻ നോട്ടീസ് സെക്രട്ടറിക്ക് കൊടുത്തിരുന്നു. അതിൻറെ അടിസ്ഥാനത്തിലാണ് സർക്കുലേറ്റ് ചെയ്തിരിക്കുന്നത്. അല്ലാതെതന്നെ നമ്മുടെ നിയമസഭാ ചട്ടമനുസരിച്ച് സെക്കൻറ് റീഡിംഗിൽ ക്ലാസ് ബൈ ക്ലാസ് ചർച്ച വരുമ്പോൾ ഓറൽ അമൻറുമെൻറ്സ് പോലും മൂവ് ചെയ്ത് പാസ്സാക്കുന്ന കീഴ്വഴക്കമുണ്ട്. അതുകൊണ്ടാണ് ഇത് ഇവിടെ സർക്കുലേറ്റ് ചെയ്തത്. ഞാൻ ഇത് അവതരിപ്പിക്കുന്ന സമയത്ത് ഒപ്പോസ് ചെയ്ത് സംസാരിക്കാനുള്ള സൗകര്യം ഇതിനകത്തുണ്ട്.

ശ്രീ. ബേബി ജോൺ: സർ, ചിലപ്പോൾ നമുക്ക് ഭേദഗതി അവതരിപ്പിക്കേണ്ടിവരും. അതെങ്ങനെയാണെന്നാണ് അറിയേണ്ടത്?

ശ്രീ. എ.സി. ഷൺമുഖദാസ്: സർ, ഓരോ ഭേദഗതിയും അനുവദിക്കുമോ?

മി. സ്പീക്കർ: അതു പരിശോധിച്ചു പറയാം.

ശ്രീ. എ.കെ. പത്മനാഭൻ: സർ, ഗാന്ധിജി സർവ്വകലാശാല (രണ്ടാം ഭേദഗതി) ബില്ലിനു ഞാൻ വിയോജനക്കുറിപ്പ് കൊടുത്തിട്ടുണ്ട്. ഞങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ ഇതിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ 30 മാസമായിരുന്നു ഇതിൻറെ കാലാവധി. അതു 48 മാസമാക്കിക്കൊണ്ടുള്ള ഒരു ഭേദഗതിയാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഈ ഭേദഗതിക്ക് എന്തു പ്രസക്തിയാണുള്ളത്? ഈ ബില്ലിൻറെ ഉള്ളടക്കത്തെന്നെ, കാതൽതന്നെ ഈ ബില്ലിൻറെ കാലാവധി 30 മാസമായി വർദ്ധിപ്പിക്കുന്നതാണ്. അതുകൊണ്ടുതന്നെ ഈ ഭേദഗതി ക്രമത്തിലല്ലെന്നാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. ശ്രീമാൻ ജേക്കബ്ബാണ്, ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്. ശ്രീമാൻ ജേക്കബ് ശ്രീ. കരുണാകരൻ നേതാവായിട്ടുള്ള മന്ത്രിസഭയിലെ അംഗമാണ്. ഈ മന്ത്രിസഭയുടെ തലവൻതന്നെ ഈ നിയമസഭയിൽ നടത്തിയ സത്യപ്രതിജ്ഞ ലംഘിച്ചു എന്നു കേരള ഹൈക്കോടതി വിധിയെഴുതിയ ഒരു സന്ദർഭത്തിൽ....

.....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അതിനെക്കുറിച്ചുള്ള റൂളിംഗ് പെൻഡിങ്ങിലിരിക്കുകയാണ്. ദയവായി ബഹുമാനപ്പെട്ട അംഗങ്ങൾ ബില്ലിനകത്തു നിന്നു സംസാരിക്കണം. ബില്ലിനു പുറത്തുള്ള, ചട്ടവിരുദ്ധമായിട്ടുള്ള കാര്യങ്ങൾ രേഖയിലുണ്ടാകുകയില്ല.

ശ്രീ. എ.കെ. പത്മനാഭൻ: സർ, ഈ ഭേദഗതി ബില്ലു കൊണ്ടുവരാൻ തന്നെ മന്ത്രിക്ക് അവകാശമില്ലെന്നാണ് എനിക്ക് പറയാനുള്ളത്. സത്യപ്രതിജ്ഞ ലംഘിച്ചു എന്നു ഹൈക്കോടതി പറഞ്ഞ സാഹചര്യത്തിൽ.....(ബഹളം).....ഞാൻ പറയുന്നത് ഹൈക്കോടതി വിധിയെക്കുറിച്ചല്ല. ഹൈക്കോടതിവിധിയെക്കുറിച്ച് പരാമർശമൊന്നും ഞാൻ നടത്തുകയില്ല.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ അമൻറുമെൻറിനെക്കുറിച്ചാണ് പറഞ്ഞു തുടങ്ങിയത്. അമൻറുമെൻറിനെ സംബന്ധിച്ചിടത്തോളം റൂൾസ് ഓഫ് പ്രൊസീഡ്യുവർ 82, 83, 84 വകുപ്പുകൾ വളരെ പ്രസക്തമാണ്. ഈ അമൻറുമെൻറ് എന്തായിരിക്കണം? എങ്ങനെയാണ് അമൻറുമെൻറ് അവതരിപ്പിക്കേണ്ടത്? ഈ അമൻറുമെൻറ് അങ്ങ് അനുവദിച്ചതിനുശേഷമാണ് ഇവിടെ സർക്കുലേറ്റ് ചെയ്തത്. റൂൾ 82 (5)-ൽ പറയുന്നത്, "The Speaker may disallow an amendment which is, in his opinion, frivolous or meaningless". So now the Speaker has allowed the Amendment. The amendment has been circulated. ഈ അമൻറുമെൻറ് സർക്കുലേറ്റ് ചെയ്തുകഴിഞ്ഞാൽ ഈ അമൻറുമെൻറ്മൂലം വേറൊരു അമൻറുമെൻറ് കൊണ്ടുവരാമെന്നല്ലാതെ ഈ സഭയുടെ പരിഗണനയിൽ ഇല്ലാത്ത മറ്റു കാര്യങ്ങൾ പരാമർശിക്കുന്നത് ഓർഡറിലാണോയെന്നു പറയണം.....(ബഹളം).....

ശ്രീ. ബേബിജോൺ: സർ, ഈ ബില്ല് അവതരിപ്പിക്കുന്ന ആളിന് അതിനുള്ള അവകാശമില്ലെന്നു പറയാനുള്ള സ്വാതന്ത്ര്യം ഞങ്ങൾക്കില്ലേ? ഭരണഘടനയെ ലംഘിച്ച ഒരു ഗവൺമെൻറും, മുഖ്യമന്ത്രിയും, ആ മുഖ്യമന്ത്രിയുടെ കീഴിലുള്ള ഒരു മന്ത്രി അവതരിപ്പിക്കുന്ന ബില്ല് നിയമപരമായി അതു അവതരിപ്പിക്കുവാൻ അവകാശമില്ല.....(ബഹളം).....

മി. സ്പീക്കർ: ഇത് സഭയിൽ പുതിയ കാര്യമല്ല. ബില്ലിനെക്കുറിച്ചുള്ള ചർച്ചയിൽ എവിടെവരെ പോകാമെന്നുള്ളതു സംബന്ധിച്ച് വ്യക്തമായ നടപടിക്രമങ്ങളുണ്ട്. ഇവിടെ ഭരണഘടനാപരമായിട്ടും നടപടിചട്ടങ്ങൾക്ക് അനുസൃതമായിട്ടും മാത്രമേ പോകാൻ കഴിയൂ. അത് അനുവദിക്കാനേ ചെയറിന് സാധിക്കൂ. അതുകൊണ്ട് ഇത് സാദ്ധ്യമല്ല. ബില്ലിൻറെ പേരിൽ ബില്ലിൻറെ പരിധിവിട്ട് കാര്യങ്ങൾ പറയുകയാണെങ്കിൽ ചെയറിന്.....(ബഹളം).....

എന്തിനാണ് ഈ വാക്കുതർക്കം നടത്തി സമയം കളയുന്നത്. ചെയർ ഒരു അജ്ഞാതഥന നടത്താൻ പോകുകയാണ്. ചെയർ ഒരു നിക്ഷ്പക്ഷത നടത്തുകയാണ്. ഈ സഭയിലെ അംഗങ്ങളുടെ മുമ്പിൽ ഒരു നിക്ഷ്പക്ഷത നടത്തുകയാണ്. നമ്മൾ വളരെ പ്രധാനപ്പെട്ട നിയമ നിർമ്മാണ നടപടികളിലേക്ക് നീങ്ങുകയാണ്. തീർച്ചയായിട്ടും

LIBRARY ARCHIVES Kerala Legislative Assembly

ഇതിനെ സംബന്ധിച്ചുള്ള അഭിപ്രായം പറയുന്നതിനുള്ള അവസരം ബഹുമാനപ്പെട്ട അംഗങ്ങൾക്കുണ്ട്. അത് ഫലപ്രദമായി പറയണം. പക്ഷേ അത് ചട്ടത്തിന് അകത്തു നിന്നുകൊണ്ട് പറയണം. നമ്മളെ തിരഞ്ഞെടുത്ത ജനങ്ങളുടെ പേരിൽ ഞാൻ അഭ്യർത്ഥിക്കുകയാണ് .....(ബഹളം)..സയേിലെ എല്ലാ ഭാഗത്തുനിന്നുമുള്ള ആളുകളോട് ഞാൻ പറയുകയാണ് ദയവായി എല്ലാവരും സഹകരിക്കൂ, ദയവായി സഹകരിക്കൂ.....

ശ്രീ. എ.കെ. പത്മനാഭൻ: സർ, ഞാൻ കോടതി വിധിയെ കുറിച്ചൊന്നും പരാമർശിച്ചിട്ടില്ല. ഈ ബിൽ violate ചെയ്ത ശ്രീമാൻ ടി.എം. ജേക്കബിനെക്കുറിച്ചും അദ്ദേഹം വിദ്യാഭ്യാസരംഗത്തു നടത്തിക്കൊണ്ടിരിക്കുന്ന കൊള്ളരുതായ്മകളെക്കുറിച്ചുമാണ് സംസാരിക്കാൻ ആഗ്രഹിക്കുന്നത്. സർവ്വകലാശാലകളുടെ ഭരണത്തിൽ ശ്രീമാൻ ടി. എം. ജേക്കബ് ഈ വകുപ്പ് ഏറ്റെടുത്തതിനുശേഷം നമ്മുടെ സംസ്ഥാനത്ത് മുമ്പ് ഒരിക്കലും ഉണ്ടാകാത്തവിധത്തിൽ വിദ്യാർത്ഥികളും അദ്ധ്യാപകരും അടങ്ങുന്ന വിദ്യാഭ്യാസ സമൂഹമാകെ കുഴപ്പത്തിൽ അകപ്പെട്ടുകഴിഞ്ഞിരിക്കുകയാണ്.

ശ്രീ. ഒ. ഭരതൻ: നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രതിനിധാനം ചെയ്യുന്ന പാർട്ടിയുടെ വിദ്യാർത്ഥി വിഭാഗമായ കെ.എസ്.സി. എന്ന സംഘടന 'ഈ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഒരു നാറിയ വിദ്യാഭ്യാസ വകുപ്പുമന്ത്രിയാണ് എന്നും, രാജിവയ്ക്കണം' എന്നും പറഞ്ഞത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എ.കെ. പത്മനാഭൻ: സർ, ശ്രീമാൻ കെ. എം. മാണി നേതൃത്വം കൊടുക്കുന്ന കെ.എസ്.സി. വിഭാഗമാണ് ആ പ്രസ്താവന നടത്തിയത് എന്നാണ് ശ്രീമാൻ ജേക്കബും കൂട്ടരും പറയുന്നത്.

ഡോ. കെ.സി. ജോസഫ്: സർ, ശ്രീ. ചക്രപാണി മാർക്സിസ്റ്റ് പാർട്ടിയുടെ അഭിപ്രായം പറയുന്നതുപോലെയാണ് കെ.എസ്.സി.-യിൽ നിന്നും പുറത്താക്കിയ ചിലർ കെ.എസ്.സി.-യുടെ പേരിൽ അഭിപ്രായ പ്രകടനം നടത്തുന്നത്.....(ബഹളം).....

മി. സ്പീക്കർ: ചെയർ ആദ്യമേ നിലപാട് വ്യക്തമാക്കി കഴിഞ്ഞിട്ടുണ്ട്.

ശ്രീ. എ.കെ. പത്മനാഭൻ: നമ്മുടെ സർവ്വകലാശാലാരംഗം, വിദ്യാഭ്യാസരംഗം എത്രമാത്രം താറുമാറായി എന്നതു സംബന്ധിച്ച് ഈ ഗവൺമെന്റുതന്നെ സമ്മതിച്ചിരിക്കുകയാണ്.

ശ്രീ. എ. വി. താമരാക്ഷൻ: ഈ വിദ്യാഭ്യാസ വകുപ്പുമന്ത്രി ടി.എം. ജേക്കബ്ബിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഗാന്ധിജി സർവ്വകലാശാലയിൽ ഈവർഷം നടന്ന തിരഞ്ഞെടുപ്പിൽ കെ.എസ്.സി.-ക്ക് അഡ്രസുപോലും കിട്ടിയിട്ടില്ല എന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. എ. കെ. പത്മനാഭൻ: സർ, അതിൽ അത്ഭുതമില്ലല്ലോ. നമ്മുടെ വിദ്യാഭ്യാസരംഗം എത്രമാത്രം താറുമാറായി എന്നതിനെ സംബന്ധിച്ച് പ്രത്യക്ഷമായ ഉദാഹരണം ഗവൺമെന്റിന്റെ ഭാഗത്തു നിന്നുതന്നെ വന്നിരിക്കുകയാണ്. അതായത് ജുഡീഷ്യൽ അന്വേഷണ

LIBRARY ARCHIVES Kerala Legislative Assembly

ത്തിനാണ് ഗവൺമെൻറ് ഉത്തരവ് ഇട്ടിരിക്കുന്നത്. ആയിരക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവിയെ താറുമാറാക്കുന്നവിധത്തിലുള്ള നടപടികളാണ് എടുക്കുന്നത്. ഈ മന്ത്രിക്കുതന്നെ തുടരുവാൻ അർഹതയില്ല എന്നാണ് നമ്മുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെടുന്ന ആൾക്കാർ പറയുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സർവ്വകലാശാലകളെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ ഗവൺമെൻറ് ഉത്തരവ് ഇട്ടു. ജുഡീഷ്യൽ അന്വേഷണത്തെ മാനിക്കുന്ന ഒരു ഗവൺമെൻറാണെങ്കിലല്ലേ ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവിടുന്നതിൽ വല്ല സാംഗത്യവുമുള്ളൂ. ഇവിടെയാണെങ്കിൽ ജുഡീഷ്യൽ അന്വേഷണത്തിന്റെ വിധി മാനിക്കുന്നില്ല എന്നു മാത്രമല്ല കോടതി വിധിപോലും മാനിക്കാതെ പോകുന്ന ഒരു ഗവൺമെൻറിന്റെ ജുഡീഷ്യൽ അന്വേഷണത്തിനുള്ള ഉത്തരവുകൊണ്ട് ഈ സർവ്വകലാശാലകളിലെ ക്രമക്കേടുകൾ അവസാനിപ്പിക്കാമെന്ന് ബഹുമാനപ്പെട്ട മെമ്പർ കരുതുന്നുണ്ടോ? ഭരണഘടന പിച്ചിച്ചീന്തിയ മുഖ്യമന്ത്രിയും ശ്രീ. ബാലകൃഷ്ണപിള്ളയും നടത്തുന്ന ഈ മന്ത്രിസഭ കൊണ്ടുവരുന്ന ജുഡീഷ്യൽ അന്വേഷണം ഒരു പ്രഹസനമായിരിക്കുമെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. എ. കെ. പത്മനാഭൻ: കോടതിവിധി മാനിക്കാത്തവരാണ് ഇവരെന്ന് അറിഞ്ഞതുകൊണ്ടാണ് ഒറ്റ ജഡ്ജിയേയും, ജുഡീഷ്യൽ അന്വേഷണത്തിന് ഇതുവരെ കിട്ടാത്തത്. അന്തസ്സുള്ള അഭിമാനമുള്ള ഒറ്റ ജഡ്ജിയും ഈ ഗവൺമെൻറുനിയമിക്കുന്ന ഒരു ജുഡീഷ്യൽ അന്വേഷണത്തിന് പോകുകയില്ല എന്ന കാര്യത്തിൽ യാതൊരു സംശയവും ഇല്ല. ജാനകിയമ്മയെപ്പോലുള്ള ആളുകളെ കിട്ടിയേക്കാം. അല്ലാതെ അന്തസ്സുള്ള മാന്യമുള്ള ഒറ്റ ജഡ്ജിയും ഈ ഗവൺമെൻറു നിയമിക്കുന്ന ഒറ്റ ജുഡീഷ്യൽ അന്വേഷണത്തിനും പോകുകയില്ല എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ശ്രീ കെ. കൃഷ്ണൻകുട്ടി: ഇന്ന് കേരള ഹൈക്കോടതിയിലെ ചീഫ് ജസ്റ്റീസ് .....(ബഹളം).....

മി. സ്പീക്കർ: ഒരു കാര്യം ചെയർ നേരത്തെ പറഞ്ഞിട്ടുണ്ട്. ചെയറിനും മനസ്സിലാകും. പറയാവുന്നതിനും. ഒരു പരിധിയുണ്ട്. പക്ഷേ, പരിധിവിട്ടു പോകുന്നത് ശരിയല്ല. ഇതിന്റെ പേരിൽ ഈ രാജ്യത്തെ മുഴുവൻ പ്രശ്നങ്ങളും പറയുന്നത് ശരിയല്ല.

ശ്രീ. എ.കെ. പത്മനാഭൻ: ഹൈക്കോടതി പറഞ്ഞകാര്യം ഞാനും അറിഞ്ഞു. 'ഈ ഗവൺമെൻറിനെ സംബന്ധിച്ച് അഭികാമ്യം രാജിവച്ച് ഒഴിഞ്ഞുപോകുകയാണ്' എന്ന് ചീഫ് ജസ്റ്റീസ് ഇന്ന് ഹൈക്കോടതിയിൽ പറഞ്ഞ വിവരം അറിഞ്ഞിട്ടുണ്ട്. കോടതിയെപ്പോലും തെറ്റിദ്ധരിപ്പിക്കുന്നവരാണിവർ. ഞാൻ കോടതി വിധിയെപ്പറ്റിയല്ല പറയുന്നത്. ***ഹൈക്കോടതിയിൽ നടന്ന സംഭവങ്ങളെക്കുറിച്ച് 'അപ്പീൽ കൊടുത്തു' എന്നും 'സ്റ്റേ കിട്ടിയെന്നും' പറഞ്ഞത് തെറ്റിദ്ധരിപ്പിക്കുകയല്ലേ?

മി. സ്പീക്കർ: ഒരു സ്പീക്കറേയും തെറ്റിദ്ധരിപ്പിക്കാൻ കഴിയുകയില്ല.

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാനടപടികളിൽനിന്നു നീക്കംചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

* * *

ശ്രീ. എ.കെ.പത്മനാഭൻ: സർ, തെറ്റിദ്ധരിക്കപ്പെട്ടു എന്നല്ല പറയുന്നത്. തെറ്റായ വാർത്തകൾ കിട്ടിക്കഴിഞ്ഞാൽ അങ്ങേക്കും മറ്റൊന്നും ചെയ്യാൻ കഴിയുകയില്ല. ഉത്തരവാദപ്പെട്ട കേന്ദ്രങ്ങളിൽ നിന്നും ഒരു കാര്യം വളച്ചൊടിച്ചാണ് അങ്ങേക്ക് വിവരം നൽകുന്നതെങ്കിൽ അങ്ങേക്ക് എന്തുചെയ്യാൻ കഴിയും? അങ്ങേക്ക് ആ വാർത്തകൾ വിശ്വസിക്കുകയല്ലാതെ മറ്റെന്തെങ്കിലും ചെയ്യാൻ കഴിയുമോ?

ശ്രീ. സി.കെ. തങ്കപ്പൻ: സർ, തമിഴ്നാട് നിയമസഭയിലെ ഏഴ് അംഗങ്ങളെ രേണുഗോപാലയുടെ ഒരു ഭാഗം പുട്ടുകൊടുത്തു എന്നുള്ള ഒരു ആരോപണം അസംബ്ലിയിൽ വന്നതിന്റെ അടിസ്ഥാനത്തിൽ തമിഴ്നാട്ടിലെ ബഹുമാനപ്പെട്ട സ്പീക്കർ, അങ്ങയെപ്പോലുള്ള സ്പീക്കർ, ആ ഏഴു മെമ്പർമാരെയും അയോഗ്യത കൽപ്പിച്ചു പുറത്താക്കിയിട്ടുണ്ട്. അതുപോലെ തുല്യതുക്കത്തിൽ കുറ്റം ചെയ്തിരിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വിദ്യുച്ഛക്തി വകുപ്പുമന്ത്രിയും ഇവിടെയിരിക്കുന്നു. അതിനെപ്പറ്റി എന്താണ് മെമ്പറുടെ അഭിപ്രായം?

ശ്രീ. എ.കെ. പത്മനാഭൻ: സ്പീക്കർ എടുത്ത ആ നടപടിയെ കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. ഞാൻ ഒരു അഭിപ്രായവും പറയുന്നില്ല. ഞാൻ പറയുന്നത് വിദ്യാഭ്യാസകാര്യത്തെപ്പറ്റി മാത്രമാണ്. സർ, ഞാൻ തമിഴ്നാട് നിയമസഭയെ കുറിച്ചോ കേരള ഹൈക്കോടതി വിധിയെക്കുറിച്ചോ ഒന്നും പറയാൻ ആഗ്രഹിക്കുന്നില്ല. ഞാൻ വിദ്യാഭ്യാസ രംഗത്ത് ശ്രീമാൻ ടി.എം. ജേക്കബ് ഈ വകുപ്പ് ഏറ്റെടുത്തതിനുശേഷം ഉണ്ടായ കാര്യങ്ങളെ സംബന്ധിച്ച് മാത്രമാണ് പറയുന്നത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): തമിഴ്നാട് നിയമസഭയിൽ അവിടത്തെ സ്പീക്കർ ഏഴ് എം.എൽ.എ.-മാരെ സസ്പെൻഡ് ചെയ്തതിനെതിരായി സി.പി.എ.-ഉം സി.പി.ഐ-യും വാക്കൗട്ട് നടത്തിയതായി പരസ്യപ്രസ്താവന നടത്തിയതായിട്ട് അറിയാമോ?

ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ: തമിഴ്നാട് അസംബ്ലിയിൽ രേണുഗോപാലയെ അവഹേളിച്ചുവെന്ന കാരണത്താൽ ഏഴ് എം.എൽ.എ. മാരെ സസ്പെൻഡ് ചെയ്യണമെന്ന് ആവശ്യപ്പെട്ടത് അവിടത്തെ കോൺഗ്രസ് (ഐ) എം.എൽ.എ. മാരാണെന്ന കാര്യം അങ്ങേക്ക് അറിയാമോ?

ശ്രീ. എ.കെ. പത്മനാഭൻ: ഞങ്ങളുടെ പാർട്ടിയെ സംബന്ധിച്ചിടത്തോളം, ശ്രീമതി ഇന്ദിരാഗാന്ധിയെ അയോഗ്യയായി കൽപ്പിച്ചതിനെ എതിർത്ത ആളുകളാണ് ഞങ്ങളുടെ പാർട്ടിയിലുള്ളത്. അതുകൊണ്ട് ആണ് സി.പി.ഐ.-ഉം സി.പി.എ.-ഉം അക്കാര്യത്തിൽ ആ അഭിപ്രായം പറഞ്ഞത്.....(ബഹളം).....

ശ്രീ. എ.സി. ഷൺമുഖദാസ്: അതുകൊണ്ട് ഈ മന്ത്രി ധാർമ്മികമായിട്ട് രാജിവയ്ക്കണം.

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം നടപടികളിൽനിന്നു നീക്കംചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട സ്പീക്കർ എടുത്ത നടപടികളും ദേശീയപ്രചോദിതമായ നടപടികളാണെന്ന് ബഹുമാനപ്പെട്ട ഹസ്സൻ പറഞ്ഞത് മെമ്പറുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എ.കെ. പത്മനാഭൻ: ശ്രീ. ഹസ്സനെപ്പോലുള്ള ആളുകൾ പറയുന്നതിനെക്കുറിച്ച് ഞാൻ ഒരഭിപ്രായം പറയണമോ? ശ്രീ. ഹസ്സൻ പല കാര്യങ്ങളും പല സന്ദർഭങ്ങളിലും മാറി മാറി പറഞ്ഞ ആളാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനോടൊപ്പം ഇരുന്നുകൊണ്ട് ശ്രീമതി ഇന്ദിരാഗാന്ധി സോഷ്യലിസ്റ്റാധിപത്യിയാണെന്നും ഈ രാജ്യത്ത് ജനാധിപത്യവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന ആളാണെന്നും വീരോചിതം വാദിച്ച ശ്രീ. ഹസ്സനല്ലേ ഇപ്പോൾ ശ്രീമതി ഇന്ദിരാഗാന്ധിയേയും ശ്രീ. രാജീവ് ഗാന്ധിയേയും പ്രശംസിക്കാൻ തുടങ്ങിയിട്ടുള്ളത്? അതിൽ എന്താണ് അൽഭുതപ്പെടാനുള്ളത്?.....(ബഹളം).....

ശ്രീ. ഒ. രേതൻ: ബഹുമാനപ്പെട്ട ഹസ്സൻ 'ചെക്ക്' പുറയുന്നതും ശരി, ചെക്കന്റെ അച്ഛൻ പറയുന്നതും ശരി' എന്നു പറയുന്ന കൂട്ടത്തിലാണെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. എ. കെ. പത്മനാഭൻ: അതല്ലേ ഞാൻ നേരത്തെ പറഞ്ഞത്. ഞാൻ അക്കാര്യത്തെക്കുറിച്ചൊന്നും പരാമർശിക്കുവാൻ ആഗ്രഹിക്കുന്നില്ല. .....(ബഹളം).....
ഗാന്ധിജി സർവ്വകലാശാല (ഭേദഗതി) ബില്ലിനെക്കുറിച്ച് സംസാരിക്കുമ്പോൾ ഈ രംഗത്തുള്ള കാര്യങ്ങളെക്കുറിച്ച് വളരെ ഗൗരവമായി സംസാരിക്കണമെന്നാണ് ആഗ്രഹിച്ചത്. നിർഭാഗ്യവശാൽ സാഹചര്യം അനുവദിക്കാത്തതുകൊണ്ടാണ് ഞാൻ ഇക്കാര്യം പറഞ്ഞത്. അങ്ങനെയുള്ള മന്ത്രിമാരും മന്ത്രിസഭയുമുള്ള ഒരു നിയമസഭയിൽ ഈ കാര്യങ്ങളെ കുറിച്ച് സംസാരിക്കാൻ വിഷമമുണ്ടാകും. വളരെ ഗൗരവത്തോടുകൂടി മാത്രമേ ഈ കാര്യത്തെ കാണാൻ ഞാൻ ആഗ്രഹിക്കുന്നുള്ളൂ.....
.....(ബഹളം).....
ഗാന്ധിജി സർവ്വകലാശാലയെ സംബന്ധിച്ചിടത്തോളം ആ സർവ്വകലാശാലയ്ക്ക് ഇതുവരെ യു.ജി.സി.-യുടെ അംഗീകാരം കിട്ടിയിട്ടില്ല. സംസ്ഥാനത്തുകേയുള്ള സർവ്വകലാശാല രംഗം തന്നെ താറുമാറായിരിക്കുന്നു. പതിനായിരക്കണക്കിന് വിദ്യാർത്ഥികൾ പ്രീഡിഗ്രി പരീക്ഷയുടെ ഫലം പ്രഖ്യാപനത്തിന്റെ ഫലമായി ജയിച്ചോ, തോറ്റോ എന്നറിയാതെ വിഷമം അനുഭവിക്കുകയാണ്.....
(ബഹളം).....ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് ഇതുവരെ യു.ജി.സി.-യുടെ അംഗീകാരം കിട്ടിയിട്ടില്ല. യു.ജി.സി.-യുടെ അംഗീകാരം കിട്ടണമെങ്കിൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നിർദ്ദേശിക്കുന്ന എല്ലാ നിയമങ്ങളും പാലിക്കണമെന്നാണ് പറയുന്നത്.

സർ, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനിൽ ഉള്ളത് ആരാണ്? യു.ജി.സി.-യുടെ നിർദ്ദേശങ്ങളെ അംഗീകരിച്ചുകൊണ്ട് സർവ്വകലാശാല സമിതികളുടെ ജനാധിപത്യ സ്വാതന്ത്ര്യത്തെയാകെ നിഹനിച്ചുകൊണ്ട് യു.ജി.സി.-യുടെ നിർദ്ദേശങ്ങളനുസരിക്കുന്ന രീതിയിലാണ് ഈ ഗവൺമെന്റ് പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുന്നത്. യു.ജി.സി.-യിൽ നിന്ന് കിട്ടുന്ന സഹായധനംപോലും വാങ്ങിച്ചെടുക്കാൻ ഈ സർക്കാരിനു കഴിഞ്ഞിട്ടില്ലായെന്നാണ് ഗാന്ധിജി സർവ്വകലാശാലയെക്കുറിച്ച് വന്ന ലേഖനങ്ങളിൽ പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

യു.ജി.സി.-യിൽനിന്ന് കിട്ടുവാനുള്ള കോടിക്കണക്കിന് രൂപ വാങ്ങിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. അതിന് ശ്രീ. ടി. എം. ജേക്കബിന് എങ്ങനെ സമയം കിട്ടും?

1985 മേയ് മാസം ഇരുപത്തിയഞ്ചാം തീയതി ശ്രീ. ആർ. ബാലകൃഷ്ണ പിള്ളയോടൊപ്പം എറണാകുളത്തെ പൊതുയോഗത്തിൽ പങ്കെടുത്തു കൊണ്ട് രാജ്യദ്രോഹപരമായ പ്രവർത്തനങ്ങൾ നടത്തി ഈ ഗവൺമെൻറിന്റെ ഐക്യത്തെയാകെ തകർക്കുവാൻ ശ്രമിച്ച, അതിനുള്ള പ്രവർത്തനവുമായി വന്ന ഒരു മന്ത്രിക്ക് ഈ രീതിയിൽ തുടർന്നു പോകുവാൻ സാധിക്കുകയില്ല. അതുകൊണ്ട് അദ്ദേഹത്തിന് ഈ ബിൽ അവതരിപ്പിക്കാനുള്ള അർഹതയുമില്ല. മന്ത്രി രാജിവച്ച് പുറത്തു പോകണം. ഈ മന്ത്രിസഭയും ശ്രീ. കരുണാകരനും രാജിവച്ച് പുറത്തുപോകണമെന്നാണ് എനിക്കു പറയുവാനുള്ളത്.

Shri P.K.K. Bava: Sir, I move that, The Gandhiji University (Second Amendment) Bill 1986 as reported by the Subject Committee be circulated for obtaining public opinion.

വളരെ പ്രധാനപ്പെട്ട ഒരു ബില്ലിന്റെ ഭേദഗതിയെക്കുറിച്ച് നടക്കുന്ന ചർച്ചയെ പ്രതിപക്ഷത്തുനിന്ന് ഒരു പ്രഹസനമാക്കി മാറ്റാനുള്ള ശ്രമമാണ് നടക്കുന്നതെന്ന് കാണുന്നത്. അങ്ങേയറ്റം ആക്ഷേപാർഹമായി മാത്രമേ കാണാൻ കഴിയുകയുള്ളു. 'അങ്ങാടിയിൽ തോറ്റതിന് അമ്മയോട്' എന്ന ഭാവത്തിൽ ഇവിടെ സർക്കാരിനെ താഴെയിറക്കാൻ വേണ്ടി നടത്തിയ ശ്രമങ്ങളിൽ അതിദയനീയമായി പരാജയപ്പെട്ട് അടിയറ പറയേണ്ടിവന്ന പ്രതിപക്ഷം, ഇപ്പോൾ ബില്ലിന്റെ ചർച്ചയെ അലോസരപ്പെടുത്തുവാനും, തടസ്സപ്പെടുത്തുവാനുമാണ് ഇവിടെ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ രാജ്യദ്രോഹത്തിന്റെ പേരിൽ വാതോരാതെ പ്രസംഗിക്കുകമാത്രമല്ല, ഇന്നലെയും ഇന്ന് രാവിലെയും നിരന്തരമായി മുദ്രാവാക്യം മുഴക്കുകപോലും ചെയ്ത നമ്മുടെ പ്രതിപക്ഷാംഗങ്ങൾ ഇപ്പോൾ തമിഴ് നാട്ടിലെ അയോഗ്യത കൽപ്പിക്കപ്പെട്ട ഏഴ് എം.എൽ.എ. മാർക്കുവേണ്ടി വാദിച്ചുകൊണ്ടിരിക്കുന്ന ദുഃഖകരമായ സ്ഥിതിയാണ് നമ്മുടെ രാജ്യത്തുള്ളത്.

.....(ബഹളം).....

മി. സ്പീക്കർ: ചെയർ നേരത്തെതന്നെ പറഞ്ഞിട്ടുണ്ട്, ബില്ലിന്റെ സ്കോപ്പിന്റെ പരിധിവിട്ട് പറയുന്ന കാര്യങ്ങൾ സപ്ലിമെന്ററികളിൽ ഉണ്ടാകില്ലെന്ന്.

.....(ബഹളം).....

ശ്രീ. കോട്ടക്കുഴി സുകുമാരൻ: കേരള, വളരെയധികം രാഷ്ട്രീയ പ്രബുദ്ധതയുള്ള സംസ്ഥാനമാണ്. എന്നാൽ തമിഴ് നാട്ടിലാണെങ്കിൽ രാഷ്ട്രീയത്തിന്റെ പേരിലുള്ള ഒരു ഗവൺമെൻറാണുള്ളത്. തമിഴ് നാടും കേരളവും തമ്മിലുള്ള രാഷ്ട്രീയ വ്യത്യാസത്തെക്കുറിച്ച് നിങ്ങൾക്ക് അറിയാമോ?

ശ്രീ. പി.കെ.കെ. ബാവ: പ്രതിപക്ഷം മദിരാശിയിൽ രാജ്യദ്രോഹസംരംഭങ്ങളെ പ്രോൽസാഹിപ്പിക്കുകയാണ്. അതേ പ്രതിപക്ഷം തന്നെ ഇവിടെ രാജ്യസ്നേഹത്തിന്റെ പേരിൽ പ്രസംഗിച്ചുകൊണ്ടിരിക്കുകയാണ്.

.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

വളരെ പ്രധാനപ്പെട്ട ഒരു ബില്ലിനെക്കുറിച്ചുള്ള ചർച്ചയാണിത്. ഇതിനെ അപ്പാടെ ഒരു പ്രഹസനമാക്കുന്നതിനുവേണ്ടി വിപുലമായ ശ്രമമാണ് അപ്പുറത്തു നടക്കുന്നത്. ഈ ബില്ലിന്റെ ചർച്ചയെ പരാജയപ്പെടുത്തുവാൻവേണ്ടി ഒരു ഗൂഢാലോചന നടത്തിയിട്ടാണ്.

.....(ബഹളം).....

ശ്രീ. എം.പി.എം. ഇസ്ഹാക്ക് കുരിക്കൾ: നമ്മുടെ വിദ്യാഭ്യാസ രംഗത്ത് പല നൂതനമായ അദ്ധ്യായങ്ങളും സൃഷ്ടിച്ചുകൊണ്ട് വിദ്യാഭ്യാസ രംഗത്ത് വിപ്ലവം സൃഷ്ടിച്ച ശ്രീ. ടി.എം. ജേക്കബിനെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും കരിവാരി തേയ്ക്കാൻ ഇതുപോലുള്ള നികൃഷ്ടമായ പ്രവർത്തനങ്ങൾ നിയമസഭയിൽ നടത്തുന്നത് അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. പി.കെ.കെ. ബാവ: കഴിഞ്ഞ നാലര വർഷക്കാലമായി ഈ ഗവൺമെന്റിനെ താറടിച്ചുകാണിക്കുവാനും ഈ സർക്കാരിന്റെ പുരോഗമനപരമായിട്ടുള്ള ശ്രമങ്ങളെ തടസ്സപ്പെടുത്തുവാനും പ്രതിപക്ഷം നിരന്തരമായി ശ്രമിച്ചുവരികയാണ്. ഈ ശ്രമങ്ങളൊക്കെ പരാജയപ്പെട്ടതിനുശേഷം ഇത് അവസാനത്തെ അസംബ്ലിയാണെന്നതെറ്റിദ്ധാരണ പ്രതിപക്ഷത്തെ പിടികൂടിയിരിക്കുകയാണ്. അതുകൊണ്ട് ജനങ്ങളുടെ ഇടയിൽ ആശയക്കുഴപ്പം.....

ശ്രീ. പി.സി. ജോർജ്: സാധാരണ സിൻഡിക്കേറ്റിന്റെ കാലാവധി നാലുവർഷമാണ്. ഗാന്ധിജി യൂണിവേഴ്സിറ്റിയിലും നാലുവർഷക്കാലമാക്കുന്നതിനുവേണ്ടി ഇപ്പോഴത്തെ മുപ്പതുമാസക്കാലാവധിയെന്നുള്ളത് നാൽപ്പത്തിയെട്ടു മാസമാക്കി മാറ്റണമെന്ന ഒരു ചെറിയ അമൻഡ്മെന്റ് മാത്രമേ ഈ ബില്ലിൽ വരുത്തിയിട്ടുള്ളൂ എന്ന വസ്തുത ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. പി.കെ.കെ. ബാവ: വളരെ ചെറിയ ഒരു ഭേദഗതിയാണ് ഈ ബില്ലിൽ വരുത്തിയിട്ടുള്ളത്.

Shri V. J. Thankappan: Sir, I move that, The Gandhiji University (Second Amendment) Bill, 1986 as reported by the Subject Committee be recommitted to the same Subject Committee.

ശ്രീ. വർക്കല രാധാകൃഷ്ണൻ വളരെ പ്രസക്തമായ ഒരു വാദഗതി ആദ്യമേ ഉന്നയിച്ചു. ഒറിജിനൽ ബില്ലിനെത്തന്നെ പുതിയൊരു ബില്ലാക്കി മാറ്റുന്ന ഒരെണ്ണമാണ് അമൻഡ്മെന്റായി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അതിന്റെ പ്രസക്തി ബഹുമാനപ്പെട്ട സ്പീക്കർ പരിശോധിച്ചേ പറ്റൂ. കാരണം, ഈ ബില്ലിന്റെ അമൻഡ്മെന്റുതന്നെ മുപ്പതുമാസമാക്കി മാറ്റണമെന്നാണ്. മുപ്പതു മാസമാക്കി മാറ്റണമെന്ന അമൻഡ്മെന്റ് ഇവിടെ ആദ്യം ചർച്ചചെയ്ത് സബ്ജക്ട് കമ്മിറ്റിക്ക് അയച്ച്, തിരിച്ചു വന്നതാണ്. സർ, അങ്ങനെ തിരിച്ചുവന്നശേഷം, ഫലത്തിൽ സാങ്കേതികമായി പറഞ്ഞാൽ ഒരു പുതിയ ബില്ലാണ് ഇപ്പോൾ ശ്രീ. ടി.എം. ജേക്കബ് അവതരിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് ശ്രീ. വർക്കല രാധാകൃഷ്ണൻ ഇവിടെ ഉന്നയിച്ച പോയിന്റ് ഓഫ് ഓർഡർ പ്രസക്തമാണ്. അതുകൊണ്ട് അതിനെക്കുറിച്ച് സഭ പരിശോധിക്കണം.

ശ്രീ. ഇ. പത്മനാഭൻ: ഇവിടെ നമ്മുടെ മുനിസിപ്പാലിറ്റിയെ സംബന്ധിച്ചും പഞ്ചായത്തിനെ സംബന്ധിച്ചും ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രി സി.എ. സുന്ദരം ആയുസ്സു നീട്ടാൻ പല നിയമവുമായി വന്നു. ഇപ്പോൾ 108 മാസം കഴിഞ്ഞിരിക്കുകയാണ്. എത്രയാലും ശ്രീ. സി.എ. ജേക്കബിനെ ഒരു സ്ഥായിയായ, സ്ഥിരമായ, അദ്ദേഹം നോമിനേറ്റ് ചെയ്ത ചിരഞ്ജീവികളായി എന്നുമെന്നും നിലനില്ക്കുന്ന സിൻഡിക്കേറ്റുകളുണ്ടാക്കുന്ന ഒരു നിയമം കൊണ്ടുവരുന്നതല്ലേ നല്ലത്?

ശ്രീ. വി.ജെ. തങ്കപ്പൻ: അത് ഞാൻ പറയാൻ പോകുന്നതാണ്. ആദ്യം ഇത് 30 മാസം എന്ന് അവതരിപ്പിച്ചു. ഇത് ഒരു പുതിയ ബില്ലായി പരിഗണിക്കണമെന്നാണ് ആദ്യം എനിക്ക് ഇതിനെക്കുറിച്ച് പറയാനുള്ളത്. ഈ ബില്ലിനെക്കുറിച്ച് സംസാരിക്കുമ്പോൾ 30 ആണോ 48 ആണോ എന്നുള്ള തർക്കമല്ല അതിൽ പ്രധാന പ്രശ്നം. ഈ അവസരം വിദ്യാഭ്യാസമേഖലയാകെ പരിശോധിക്കാനുള്ള അവസരമായി ഞാനെടുക്കുകയാണ്. അതാണ് ചർച്ച. അല്ലാതെ 30 ആണോ 48 ആണോ എന്നുള്ള തർക്കത്തിന് ഒരു മണിക്കൂറിന്റെ ആവശ്യമില്ല. വിദ്യാഭ്യാസമേഖലയാകെ തകർത്തിരിക്കുന്ന ഒരു മന്ത്രി; ആ മന്ത്രിയുടെ പാർട്ടി, ആ പാർട്ടിയുടെ ദേശീയ വീക്ഷണം—ഇത് ചർച്ചചെയ്യപ്പെടണോ? ആ പാർട്ടി ഒരു ദേശീയ വീക്ഷണമുള്ള പാർട്ടിയല്ല. ഹൈക്കോടതി ചർച്ചചെയ്യുന്ന കാര്യത്തിലേക്കൊന്നും ഞാൻ പോകുന്നില്ല. അത് സബ്ജുഡിസാണെന്നാണ്. ഹൈ എന്നു പറയണ്ട, കോടതി എന്നുള്ളതിന്റെ 'കോ' എന്നു പറഞ്ഞാൽ അപ്പുറത്തിരിക്കുന്നവർ ബഹളമുണ്ടാക്കും. അതുകൊണ്ട് 'കോ' എന്നുപോലും ഞാൻ പറയുന്നില്ല; കോടതിയെന്നും പറയുന്നില്ല.

ശ്രീ. കാനം രാജേന്ദ്രൻ: സർ, കോടതി എന്നു പറഞ്ഞാൽ സബ്ജുഡിസാകും, എന്നദ്ദേഹം പറയുകയുണ്ടായി. അങ്ങനെയാണെങ്കിൽ അടുത്ത ബിൽ ഇവിടെ അവതരിപ്പിക്കാൻ മുഖ്യമന്ത്രിക്ക് സാധിക്കാത്ത ഒരു സാഹചര്യം ഇവിടെ ഉണ്ടായിട്ടുണ്ടെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി.ജെ. തങ്കപ്പൻ: അടുത്ത ബിൽ കോടതി ബില്ലാണ്. ഒരു കാരണവശാലും അത് ചർച്ച ചെയ്യാൻ സാധിക്കുകയില്ല. അതും സിവിൽ കോടതിയാണ്. ക്രിമിനൽ കോടതിയാണെങ്കിലും നമുക്ക് സഹിക്കാം. സിവിൽ കോടതിയാണ്. സിവിൽ കോടതിബിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അവതരിപ്പിക്കാൻ കഴിയുകയില്ല. കാരണം കോടതിയെപ്പറ്റി പരാമർശിക്കേണ്ടിവരും. ആ ബില്ല് പിൻവലിക്കേണ്ടതാണ്. ഇപ്പോൾ ഹൈക്കോടതിയിൽ കിടക്കുന്ന വിവാദപരമായ ഇഷ്യൂ ചർച്ചചെയ്തത് സെറ്റിൽ ചെയ്യപ്പെടുന്നതുവരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ആ സിവിൽ കോടതി ബിൽ (സിവിൽ 'കോ' ബിൽ, കോടതി എന്നുപറയാൻ കഴിയുകയില്ലല്ലോ) ഇവിടെ അവതരിപ്പിക്കാൻ കഴിയുകയില്ല. സർ, കഴിഞ്ഞ നാല് നാലര വർഷങ്ങളായി ദേശീയ വീക്ഷണമില്ലാത്ത ഒരു പാർട്ടി കോട്ടയം കേന്ദ്രമാക്കി ഒരു യൂണിവേഴ്സിറ്റിയുണ്ടാക്കി. അതിന് കോട്ടയം യൂണിവേഴ്സിറ്റി എന്നോ പഞ്ചാബ് യൂണിവേഴ്സിറ്റി എന്നോ പേരു കൊടുത്തോട്ടെ. അതിൽ വിരോധമില്ല. ഇവിടെ നേരത്തെ ശ്രീ. എം.എം. ഹസ്സൻ സൂചിപ്പിച്ചതുപോലെ "ഗാന്ധിജിയുടെ പേര് വലിച്ചിഴച്ച്" ഗാന്ധിജിയുടെ പേരിനെ നശിപ്പിക്കത്തക്ക രീതിയിലുള്ള നടപടിയാണ്.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: വിദ്യാർത്ഥികളെ കുരുതി കൊടുക്കുന്ന ഈ യൂണിവേഴ്സിറ്റി എന്നല്ലേ ഇതിന് ഏറ്റവും നല്ല പേര്?

ശ്രീ. വി.ജെ. തങ്കപ്പൻ: അത് ശരിയാണ്. സാധാരണ വിദ്യാഭ്യാസ വിചക്ഷണൻമാരാണ് വിദ്യാഭ്യാസമന്ത്രിമാരാകുന്നത്. ശ്രീ. ടി.എം. ജേക്കബ് ഒരു വിദ്യാഭ്യാസ വിലക്ഷണനാണ്. ഈ വിദ്യാഭ്യാസത്തെ തകർത്തതിന് ഉത്തരവാദി ശ്രീ. ടി.എം. ജേക്കബാണ്. ഇവിടെ ബഹുമാനപ്പെട്ട ബേബിജോൺ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ.....

ശ്രീ. വി.എസ്. ചന്ദ്രശേഖരൻ പിള്ള: ഗാന്ധിജി യൂണിവേഴ്സിറ്റി എന്നുള്ള പേര് മാറ്റി ജേക്കബ്. യൂണിവേഴ്സിറ്റി എന്ന് ഇടുന്നതല്ലേ ഉത്തമം?

ശ്രീ. വി.ജെ. തങ്കപ്പൻ: അത് മാനക്കേടാണ്. ജേക്കബിന്റെ പേര് യൂണിവേഴ്സിറ്റിയിൽ ചേർത്താൻ യൂണിവേഴ്സിറ്റിക്കു തന്നെ മാനക്കേടല്ലേ? ശ്രീ. ബേബിജോൺ ഈ മന്ത്രിയെ ചാട്ടവാറുകൊണ്ട് അടിക്കണം എന്നു പറഞ്ഞപ്പോൾ ശ്രീ. ജേക്കബ് പറഞ്ഞത്, ആ സമരത്തെ ഇളക്കിവിട്ട നേതാക്കൻമാരെ ചാട്ടവാറുകൊണ്ട് അടിക്കണമെന്നാണ്. ആ സമരത്തിന്റെ പ്രധാനപ്പെട്ട നേതാവ് ശ്രീ. ഉമ്മൻചാണ്ടിയാണ്. ഉമ്മൻചാണ്ടിയെ ഉദ്ദേശിച്ച് കൊണ്ടാണോ ചാട്ടവാറുകൊണ്ട് അടിക്കണമെന്നു പറഞ്ഞത് എന്നെനിക്കറിയില്ല. ഞങ്ങളുടെ നാട്ടിൽ ജനിച്ച ഒരു സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുണ്ട്. അദ്ദേഹം ഇപ്പോഴും കണ്ണൂർ കടപ്പുറത്തു വിശ്രമിക്കുകയാണ്. അദ്ദേഹം ഒരു ദിവാൻജിയെക്കുറിച്ച് പറഞ്ഞു. അയാളെ മുക്കാലിയിൽ കെട്ടി കുതിരക്കവിഞ്ഞിക്കൊണ്ട് പുറം പൊളിയുന്നതുവരെ അടിക്കണമെന്നു പറഞ്ഞു. ശ്രീമാൻ വേലുത്തമ്പിദളവ പടിഞ്ഞാറോട്ട് തിരിഞ്ഞ് നില്ക്കുകയാണ്. അദ്ദേഹം ഇങ്ങോട്ട് തിരിഞ്ഞാണ് നിന്നതെങ്കിൽ ഈ മന്ത്രിയെ മുക്കാലിയിൽ കെട്ടി കുതിരക്കവിഞ്ഞിക്കൊണ്ട് അടിക്കുമായിരുന്നു. പുറം പൊളിയുന്നതുവരെ ഇയാളെ അടിച്ച് പൊളിക്കുമായിരുന്നു. അങ്ങനെയുള്ള ഒരു മന്ത്രിയുടെ ദേശീയ വീക്ഷണം..... ഇങ്ങനെ ഗാന്ധിജി യൂണിവേഴ്സിറ്റി പോലെയുള്ള ഒരു യൂണിവേഴ്സിറ്റി ഉണ്ടാക്കാനും അതിൽ നോമിനേറ്റ് ചെയ്യപ്പെട്ട ഒരു സിൻഡിക്കേറ്റ് ഉണ്ടാക്കാനും ആ സിൻഡിക്കേറ്റിന്റെ കാലാവധി ഇഷ്ടംപോലെ നീട്ടിക്കൊണ്ടു പോകാനും ഉള്ള മാനസികാവസ്ഥയും ദേശീയ വീക്ഷണവും ഉള്ള ഈ പാർട്ടിക്കും ഈ പാർട്ടിയുടെ മന്ത്രിക്കും ഒരു നിമിഷം പോലും ഈ രാജ്യം ഭരിക്കാൻ അവകാശമില്ല. ഇത് ഞങ്ങളാരും പറയുന്നതല്ല. പറയാവുന്ന 'ഹൈക്കോ' പറഞ്ഞതാണ്. അതുകൊണ്ട് ഈ മന്ത്രിയും മന്ത്രിസഭയും ഒന്നുകിൽ രാജിവച്ച് അന്തസ്സായി പുറത്തു പോകണം. അല്ലെങ്കിൽ ഈ മന്ത്രിയെ മുക്കാലിയിൽകെട്ടി അടിച്ച് പുറം പൊളിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്): സർ, ഇവിടെ ഈ അമൻറ്മെൻറ് കൊണ്ടുവന്നിരിക്കുന്നത് ക്ലാസ് 94-നാണ്. ക്ലാസ് 94-ൽ പറയുന്നത്, Notwithstanding anything contained in this Act, the first of all authorities of the University shall be nominated by the Chancellor for a period of two years from the date of

LIBRARY ARCHIVES Kerala Legislative Assembly

nomination or till the constitution of those authorities in accordance with the provisions of this Act, whichever is earlier. ഇവിടെ രണ്ടു വർഷമെന്നുള്ളതിനു പകരം ഞാൻ മൂവ് ചെയ്തിരിക്കുന്ന ഒഫീഷ്യൽ അമൻറ്മെൻറ് സഭ അംഗീകരിക്കുകയാണെങ്കിൽ അത് 48 മാസം എന്നാകും (നാലു വർഷമെന്നാകും). അങ്ങനെ ആക്കിയാൽപോലും ഇവിടെ പറയുന്ന ഒരു അപാകതയും ഉണ്ടാവുകയില്ല. കാരണം 48 മാസമെന്ന് പറയുന്നത്, ഈ ആക്ടിൽത്തന്നെ പറയുന്നുണ്ട്, യൂണിവേഴ്സിറ്റി സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും കാലാവധി നാലു വർഷമായിരിക്കുമെന്ന്. പക്ഷേ ഫസ്റ്റ് അതോറിറ്റിയുടെ കാലാവധി രണ്ടു വർഷമെന്നാക്കി ആദ്യം നിശ്ചയിക്കുകയാണുണ്ടായത്. ഞാൻ ആദ്യം വായിച്ച ക്ലാസ് 94 അനുസരിച്ചുതന്നെ 48 മാസത്തേക്ക് നീട്ടിയാൽപ്പോലും ഇലക്ഷൻ ആദ്യം നടക്കുകയാണെങ്കിൽ ആട്ടോമാറ്റിക്കായിട്ട് ഇപ്പോഴത്തെ നോമിനേഷൻ വഴി നിൽക്കുന്ന ഭരണസമിതികൾ പുറത്തു പോകും. അതുകൊണ്ട് ഇത് ഒരു ജനാധിപത്യ വിരുദ്ധമായിട്ടുള്ള നടപടിയൊന്നുമല്ല. ഇവിടെ അത് ഉണ്ടായിട്ടുണ്ട്. ശ്രീ. വി.ജെ. തങ്കപ്പന്റെ അറിവിലേക്കായി ഞാൻ ഒരു കാര്യം പറയാം. അത് ഈ സഭയിൽത്തന്നെ പറഞ്ഞിട്ടുള്ളതാണ്. നേരത്തെ കാലിക്കട്ട് യൂണിവേഴ്സിറ്റി ഒരു ഓർഡിനൻസു പ്രകാരം നിലവിൽവന്നു. അന്ന് ആ യൂണിവേഴ്സിറ്റിക്ക് ഭരണ സമിതി രണ്ടു വർഷക്കാലത്തേക്ക് നിശ്ചയിച്ചിരുന്നു. പിന്നീട് നാലു വർഷത്തിന്. അപ്പുറം വരെ കടത്തിക്കൊണ്ടുപോകത്തക്ക നിലയിൽ ഓർഡിനൻസുകൾ ഇഷ്യു ചെയ്തുതന്നെ അത് നീട്ടിയിട്ടുണ്ട്. അത് ഞാൻ ഇവിടെ ആദ്യം ഒരിക്കൽ പറഞ്ഞിട്ടുള്ളതാണ്. അന്ന് ശ്രീ. അച്യുതമേനോനായിരുന്നു മുഖ്യമന്ത്രി. ഇതൊക്കെ നമ്മുടെ രാജ്യത്ത് സംഭവിച്ചിട്ടുള്ള കാര്യങ്ങളാണ്. ഇവിടെ അനാവശ്യമായി യാതൊരു കാര്യങ്ങളും ചെയ്തിട്ടില്ല. നമുക്ക് ഒരു യൂണിവേഴ്സിറ്റിയുടെ ഭരണം നടത്തിക്കൊണ്ടുപോകുന്നതിന്, ഇത് ആവശ്യമാണ്. അതുകൊണ്ട് 30 മാസമായിരുന്നു ആദ്യം നമ്മൾ ഓർഡിനൻസിൽക്കൂടി പറഞ്ഞിരുന്നത്. ഇവിടെ ഇത് നേരത്തെ സബ്ജക്ട് കമ്മിറ്റിക്ക് വിടുന്ന അവസരത്തിൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഈ വിഷയം ചൂണ്ടിക്കാണിച്ചു. അദ്ദേഹം പറഞ്ഞത്, 30 മാസം എന്നാക്കിയാൽ ഡിസംബർ മാസം പകുതിയാകുന്നതോടുകൂടി ഇതിന്റെ കാലാവധി അവസാനിക്കുകയാണ്, അങ്ങനെ വരുമ്പോൾ ഇതുകൊണ്ട് എന്തു പ്രയോജനം ഉണ്ടെന്നാണ് ചോദിച്ചു. അത് വളരെ പ്രസക്തമായ ഒരു ചോദ്യമായിരുന്നു. അതിന് മറുപടി പറയുകയും ചെയ്തു. ഈ ബിൽ അന്ന് സബ്ജക്ട് കമ്മിറ്റിയിൽ എന്തുകൊണ്ട് കൺസിഡർ ചെയ്തില്ലെന്നു ചോദിച്ചു. സബ്ജക്ട് കമ്മിറ്റിക്ക് ഇതു വരുന്ന അവസരത്തിൽ തന്നെ ഗവൺമെൻറ് ആഗ്രഹിച്ചിരുന്ന ഒരു കാര്യമുണ്ട്. ഞാൻ അത് സബ്ജക്ട് കമ്മിറ്റിയിൽ പറഞ്ഞിരുന്നു. അതുപോലെ മറ്റു ചില വേദികളിലും ആ കാര്യം പറയാൻ ഇട വന്നു. ഗാന്ധിജി യൂണിവേഴ്സിറ്റി തേർഡ് അമൻറ്മെൻറ് ബിൽ ഇവിടെ സർക്കുലേറ്റ് ചെയ്തിരുന്നു. ആ തേർഡ് അമൻറ്മെൻറ് ബിൽ എന്നു പറയുന്നത്, യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷന്റെ അംഗീകാരം നമ്മുടെ യൂണിവേഴ്സിറ്റിക്ക് കിട്ടുന്നതിനുവേണ്ടിയുള്ളതാണ്. അതുപ്രകാരം സിൻഡിക്കേറ്റിന്റെ ഘടന തന്നെ മാറുന്നുണ്ട്. ആ തേർഡ് അമൻറ്മെൻറ് ബിൽ ഈ സഭയിൽ പാസ്സാക്കിയെടുക്കാൻ കഴിയുമെന്നുള്ള പ്രതീക്ഷ ആരംഭത്തിൽത്തന്നെ ഗവൺമെൻറിനുണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ടാണ് ഈ സന്ദർഭത്തിൽ ഈ കാര്യം അമെൻറ്മെൻറായിട്ട് ഇവിടെ പ്രൊപ്പോസ് ചെയ്യാതിരുന്നത്. ഇപ്പോഴത്തെ സ്ഥിതി എന്നു പറയുന്നത്, ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടി അംഗീകരിച്ചിരിക്കുന്ന ഷെഡ്യൂൾ ഈ നിയമസഭയിൽ അംഗീകരിച്ചിട്ടുണ്ട്. അതനുസരിച്ച് ഓർഡിനൻസുകൾ മാത്രമേ ഈ സഭയുടെ പരിഗണനയ്ക്കുപോലും വരുന്നുള്ളു. പുതിയ ബില്ലുകൾ ഒന്നുംതന്നെ വരുന്നില്ല. അങ്ങനെ ഒരു പശ്ചാത്തലം നിലനിൽക്കുന്നതുകൊണ്ട് ഈ നിയമം പാസ്സാക്കി അയച്ചാൽപ്പോലും നിയമസഭ പിരിഞ്ഞു കഴിഞ്ഞാൽ ഓർഡിനൻസുകൾ വഴി തന്നെ വീണ്ടും ഇതിന്റെ കാലാവധി നീട്ടേണ്ടിവരും. അങ്ങനെ ഒരു സ്ഥിതിവിശേഷം ഉണ്ടാക്കുന്നത് ശരിയല്ലെന്നുള്ളതുകൊണ്ടും ഗവൺമെൻറിന് ഉത്തമബോദ്ധ്യമുള്ളതുകൊണ്ടാണ് ഞാൻ ഈ അമൻറ്മെൻറ് മൂവ് ചെയ്തിരിക്കുന്നത്.

ശ്രീ. ബേബി ജോൺ: സർ, ഭേദഗതി അവതരിപ്പിച്ചാൽ പിന്നെ ഓർഡിനൻസ് വേണ്ടിവരുകയില്ലെന്നാണോ ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്?

ശ്രീ. ടി. എം. ജേക്കബ്: സർ, വേണ്ടിവരുകയില്ല. കാരണം.....

.....

ശ്രീ. ബേബി ജോൺ: സർ, ഫെബ്രുവരിമാസം വരെയല്ലേയുള്ളു.

ശ്രീ. ടി. എം. ജേക്കബ്: 48 മാസമുണ്ട്.

ശ്രീ. ബേബി ജോൺ: അത് എന്നു തീരും.

ശ്രീ. ടി. എം. ജേക്കബ്: 48 മാസമെന്നു പറയുന്നത്. ഈ ഡിസംബറിൽ 30 മാസം തീരും. അതുകഴിഞ്ഞ് പിന്നെ 18 മാസം കൂടിയുണ്ട്. അതിന്നിടയ്ക്ക് ഇലക്ഷൻ നടത്തുകയും ചെയ്താൽ യൂണിവേഴ്സിറ്റി ഗവൺമെൻറിനെ അറിയിച്ചു, അവിടെ ഇലക്ഷനുള്ള പ്രിപ്പറേഷൻസ് ആയിട്ടില്ലെന്ന്. ഈ രണ്ടുകാരണങ്ങളാൽ നീട്ടിവയ്ക്കേണ്ടതായി വന്നിട്ടുണ്ട്. അതിന്റെ ഒരു ഭേദഗതിയാണ് ഞാൻ ഇവിടെ മൂവ് ചെയ്തിരിക്കുന്നത്. എനിക്ക് മറ്റു കാര്യങ്ങളെ കുറിച്ചൊന്നും പറയാനില്ല. ഞങ്ങളുടെ പാർട്ടിയെക്കുറിച്ച് ദേശീയ വീക്ഷണമില്ലാത്ത പാർട്ടിയാണെന്ന് പറഞ്ഞു. ശ്രീ. തങ്കപ്പന്റെ ഉപദേശമൊന്നും ഞങ്ങൾക്ക് ആവശ്യമില്ല. ഞങ്ങളുടെ പാർട്ടിക്ക് ദേശീയ വീക്ഷണമുണ്ട്, ഞങ്ങളുടെ പാർട്ടി ദേശീയ കാഴ്ചപ്പാടുള്ള പാർട്ടിയാണ്. ഞങ്ങളുടെ പാർട്ടിയുമായി ഒരിക്കൽ ബന്ധപ്പെടുവാൻ നിങ്ങളുടെ പാർട്ടി വരുകയും ചെയ്തതാണ്. അതുകൊണ്ട് ആ അഭിപ്രായങ്ങളൊക്കെ മനസ്സിൽ വച്ചിരുന്നാൽ മതി. ഞങ്ങളുടെ പാർട്ടി വ്യക്തിത്വമുള്ള ഒരു പാർട്ടിയാണ്. ദേശീയ വീക്ഷണത്തോടുകൂടി തന്നെയാണ് ഈ പാർട്ടി മുന്നോട്ടു പോകുന്നതും. ഇവിടെ കെ.എസ്.സി. വിദ്യാർത്ഥികളുടെ കാര്യം പറഞ്ഞു. ഞങ്ങളുടെ വിദ്യാർത്ഥി സംഘടനയിൽനിന്ന് പുറത്താക്കിയ ആളുകൾ കെ.എസ്.സി.-യുടെ അഭിപ്രായം പറയാൻ ബാദ്ധ്യസ്ഥരൊന്നുമല്ല. ശ്രീ. താമരാക്ഷൻ ഞങ്ങളെ ഉപദേശിക്കുകയൊന്നും വേണ്ട. ശ്രീ. താമരാക്ഷന്റെ രാഷ്ട്രീയ പാർട്ടിയുടെ സംഘടനയ്ക്ക് എത്ര പ്രതിനിധികളുണ്ടെന്നേ ഇപ്പോൾ എന്നോക്കെയുണ്ട് ശ്രീ. താമരാക്ഷൻ പറയിപ്പിക്കേണ്ട. എനിക്ക് അതിനെക്കുറിച്ച് വേറെ ഒന്നും പറയാനില്ല. അതുകൊണ്ട്, സദുദ്ദേശത്തോടുകൂടി കൊണ്ടുവന്നിരിക്കുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

ബില്ലാണിത്. ഇതിന്റെ ജനറൽ ഡിസ്കഷനിൽ ഇതുമാത്രമേ എനിക്കു പറയാനുള്ളു. ഇത് പാസ്സാക്കി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി.കെ.കെ. ബാവ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. ജെ. തങ്കപ്പൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1986-ലെ ഗാന്ധിജി സർവ്വകലാശാല (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

Minister for Education: **Shri. T. M. Jacob**: Sir, I move that In section 94 of the Gandhiji University Act, 1985 (12 of 1985) proposed to be amended by clause 2, for the words "thirty months", the words forty-eight months" shall be substituted.

Shri. Varkala Radhakrishnan: In the oral Amendment proposed by the Minister to clause 2 of the Gandhiji University Act 1985 the words forty-eight months, "may be substituted with the words, "thirty-six months." എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, എന്റെ ഈ ഓറൽ അമെൻഡ്മെന്റ് അവതരിപ്പിച്ചുകൊണ്ട് നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി കൊണ്ടുവന്നിരിക്കുന്ന ഭേദഗതിയെ എതിർക്കുന്നതിനുള്ള കാരണങ്ങളാണ് പറയാൻ ഉദ്ദേശിക്കുന്നത്. ഇത് ഒരു പുതിയ നിയമമാണ്. ഇപ്പോഴും ഇവിടെ ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്നിരിക്കുന്ന ഭേദഗതി സബ്ജക്ട് കമ്മിറ്റി പരിശോധിച്ച രൂപത്തിലുള്ളതല്ല. സബ്ജക്ട് കമ്മിറ്റിയുടെ മുന്നിൽ വച്ച ഫാക്ട്സ് വളരെ ഡിഫറന്റാണ്. സബ്ജക്ട് കമ്മിറ്റിയുടെ മുന്നിൽ അതിന മാസങ്ങൾ നിർണ്ണയിച്ചിരുന്നു. ആ മാസങ്ങൾ അനുസരിച്ച് ഇത്രയും ആവശ്യമുണ്ടെന്നേ പറഞ്ഞാണ് സബ്ജക്ട് കമ്മിറ്റിയുടെ മുമ്പാകെ ഫാക്ട് പ്രെയിസ് ചെയ്തത്. സബ്ജക്ട് കമ്മിറ്റി ഈ ബില്ലിനെ അനുകൂലിച്ചതുതന്നെ ആ വസ്തുതകൾ വച്ചുകൊണ്ടാണ്. ഇപ്പോൾ ആ വസ്തുതകൾക്ക് വിരുദ്ധമായി പുതിയ രൂപത്തിൽ ഒരു അമെൻറ്മെന്റ് കൊണ്ടുവന്നത് അനുചിതമാണ്. അതുകൊണ്ട് ഈ ബില്ലിന്റെ പൊതു തത്വങ്ങളെ സംബന്ധിച്ച് ചിലതു പറയാനുണ്ട്. നമ്മുടെ ഉന്നത വിദ്യാഭ്യാസം ഇന്ന് പൂർണ്ണമായും അവതാളത്തിലായിരിക്കുകയാണ്. ഈ അടുത്ത കാലത്ത് ഉണ്ടായ ഒരു ഒറ്റ ഉദാഹരണം കൊണ്ട് അത് വ്യക്തമാക്കാനാണ് ആഗ്രഹിക്കുന്നത്.

മി. സ്പീക്കർ: ശ്രീ. വർക്കല രാധാകൃഷ്ണൻ, ക്ലാസ് ബൈ ക്ലാസ് സിൽ ജനറൽ പ്രിൻസിപ്പളിലേക്ക് പോകേണ്ടതില്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഇത് ക്ലാസ് ബൈ ക്ലാസ് പ്രിൻസിപ്പിങ്ങ് അല്ല.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: Please confine to the clause.

ശ്രീ. വർക്കല രാധാകൃഷ്ണൻ: Yes I confine.

അപ്പോഴും ഉന്നത വിദ്യാഭ്യാസ . നിലവാരം ഉയർത്താനാണല്ലോ ഈ .....

മി. സ്പീക്കർ: അങ്ങ് മൂവ് ചെയ്ത അമെൻറ്മെൻറുണ്ടല്ലോ. അതിലേയ്ക്ക് ഒതുങ്ങിനിന്ന് സംസാരിക്കൂ.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഞാൻ ഉന്നയിച്ച 36 മാസം എന്നുള്ളത് 48 ആയി വർദ്ധിപ്പിക്കേണ്ടതില്ലെന്നുള്ളതാണ് ഞാൻ പറഞ്ഞത്. കാരണം, ഉന്നതവിദ്യാഭ്യാസ രംഗത്തെ സംബന്ധിച്ച് ഗവൺമെൻറിന് ഉൽക്കണ്ഠയെങ്കിൽ ഈ ഭേദഗതികൊണ്ട് ആ കാര്യം നിർവ്വഹിക്കാനാവില്ല. ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് ഗ്രാൻറ് കിട്ടണമെന്നുള്ളതാണ് ഗവൺമെൻറിന് ലക്ഷ്യമുള്ളതെങ്കിൽ അത് സാദ്ധ്യമല്ല. ഉന്നത വിദ്യാഭ്യാസത്തിൻറെ പരിതാപകരമായ ഒരു സ്ഥിതിവിശേഷം ഞാൻ ഒരു ഉദാഹരണം കൊണ്ട് ചൂണ്ടിക്കാണിക്കാം. ഇന്നലെ ഈ ഗവൺമെൻറിനുവേണ്ടി വാദിച്ച വക്കീലൻമാർ, ആ വക്കീലൻമാർക്കാർക്കും ഈ ഭരണഘടനയെ സംബന്ധിച്ച് യാതൊരു വിവരവുമില്ല. എന്നിട്ടാണ് ശ്രീ. ആർ. ബാലകൃഷ്ണപിള്ള ഡൽഹിയിൽ പോയത്.

Mr. Speaker: Mr. Radhakrishnan, I am sorry I won't allow it.

ശ്രീ. രാധാകൃഷ്ണൻ, അങ്ങേയ്ക്ക് അറിയാമല്ലോ ക്ലാസ് ബൈ ക്ലാസ് ഡിസ്കഷനാണെന്ന്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, എനിക്കത് ഭംഗിയായിട്ട് അറിയാം.

മി. സ്പീക്കർ: എങ്ങനെ ക്ലാസ് ബൈ ക്ലാസ്സിൽ ഭംഗിയായി പങ്കെടുക്കണമെന്ന് അങ്ങ് തെളിയിച്ചിട്ടുള്ളതാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: എനിക്ക് ഇപ്പോൾ ഒരു വാക്കാണ് ഓർമ്മവരുന്നത്. പണ്ട് ഈ നിയമ സഭയിൽ സർ സി.പി. രാമസ്വാമിയുടെ മുഖത്തുനോക്കി പട്ടംതാണുപിള്ള ഒരു കാര്യം പറഞ്ഞു.

മി. സ്പീക്കർ: ശ്രീ. രാധാകൃഷ്ണൻ, ക്ലാസ് ബൈ ക്ലാസ്സിൽ വരുന്നില്ല അത്. പട്ടവും വരുന്നില്ല, സി.പി.-യും വരുന്നില്ല ക്ലാസ് ബൈ ക്ലാസ്സിൽ.

ശ്രീ. വർക്കല രാധാകൃഷ്ണൻ: "There is no rule of law when the country is in disorder." ഇവിടെ ഭരണഘടനാലംഘനം ആണ്. ഇതല്ലാതെ പിന്നെ നമ്മൾ ഈചട്ടങ്ങളൊക്കെ വച്ചിട്ട് വല്ല കാര്യവുമുണ്ടോ?

മി. സ്പീക്കർ: No. Mr. Radhakrishnan, I am sorry. There is rule of law.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഈ രാജ്യത്ത് ഭരണഘടനയില്ല, ഈ രാജ്യത്ത് നിയമസഭാചട്ടങ്ങളില്ല, ഈ രാജ്യത്ത് സത്യപ്രതിജ്ഞയില്ല. അതൊക്കെ ലംഘിക്കാം. ഇവിടെ എന്തുമാകാം എന്നുള്ള ഗതിയല്ലേ സർ.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഇവിടെ നിയമസഭാചട്ടങ്ങളുണ്ട്, നടപടിക്രമങ്ങളുണ്ട്, ഭരണഘടനയുണ്ട്. അതനുസരിച്ചാണ് ഇവിടെ പോകുന്നത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഇവിടെ അങ്ങേയ്ക്ക് ഉണ്ട്. അങ്ങ് ഇത പരിപാലിക്കാൻ ശ്രമിക്കുന്നു. പക്ഷേ ആ പരിശ്രമത്തെ മന:പൂർവ്വം ഇവർ പരാജയപ്പെടുത്തുകയാണ്.

Mr. Speaker: You confine to the clause.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, അങ്ങേയ്ക്ക് ഭരണഘടന അനുസരിച്ച് നടപടി ചട്ടങ്ങളും അനുസരിച്ചും പോകണമെന്നുള്ള താൽപ്പര്യമുണ്ട്. ഞാൻ ബഹുമാനിക്കുന്നു അതിന് അവർ സമ്മതിക്കുകയില്ല.

മി. സ്പീക്കർ: ഇല്ല. ചെയറിനെ വലിച്ചിഴക്കേണ്ട. ദയവായി അങ്ങ് ചെയറിനെ വലിച്ചിഴയ്ക്കേണ്ട.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, അങ്ങയോടുള്ള ബഹുമാനത്തോടുകൂടി ഞാൻ പറയുകയാണ് ..... (ബഹളം).....

മി. സ്പീക്കർ: ശ്രീ. പീതാംബരൻ മാസ്റ്റർ.

Shri. T.P. Peethambaran Master: In section 94 of the Gandhiji University Act 1985, proposed to be amended by clause 2 for the words "thirty months" the words "thirty three months" shall be substituted. എന്ന വാക്കാൽ ഭേഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞു, ഈ ഡിസംബറിനുള്ളിൽ ഇതിന്റെ അധികാരമെല്ലാം കിട്ടും, അതനുസരിച്ച് കാര്യങ്ങളും എല്ലാം നടക്കുമെന്ന്. തിരഞ്ഞെടുപ്പു നടത്താൻ ലേശം സൗകര്യങ്ങളും ഉണ്ടാക്കാൻവേണ്ടി ലേശംകൂടി സമയം വേണമെന്ന് അദ്ദേഹം പറഞ്ഞു. സാധാരണമട്ടിൽ രാജ്യത്ത് തിരഞ്ഞെടുപ്പു നടത്താൻ ഒരു മാസമേ വേണ്ടൂ. മൂന്നു മാസംകൊണ്ട് ഈ ഗാന്ധിജിയൂണിവേഴ്സിറ്റിയിലെ തിരഞ്ഞെടുപ്പു നടത്താൻ കഴിയുകയില്ലെന്നു പറഞ്ഞതിന്റെ അർത്ഥം, ഈ ഗവൺമെന്റ് എത്രകാലം ഇരുന്നാലും ഇവിടെ തിരഞ്ഞെടുപ്പു നടത്താൻ കഴിയുകയില്ലെന്നുതന്നെയാണ്. അതുകൊണ്ട് തിരഞ്ഞെടുപ്പു നടത്തുന്നതു മാത്രമേ ഇതിന് ആവശ്യമായിട്ടുള്ളുവെങ്കിൽ 33 മാസം ധാരാളം മതിയാകും. അതിനേക്കാം കൂടുതൽ സമയം വേണമെന്നു പറയുന്നത് ഒരു ഭരണമില്ലാത്ത ഭരണംപോലെ, ഭരണഘടനാവിരുദ്ധമായ ഭരണംപോലെ, രാജ്യദ്രോഹികളുടെ ഭരണംപോലെയാണ്. അതുകൊണ്ട് 33 മാസമായി നിലനിറുത്തണം.

Sri. E. Padmanabhan: In the oral amendment proposed by the Minister to clause 2 of the Gandhiji University (Second Amendment) Bill, 1986, the words "forty-eight months" may be substituted with the words "thirty months" എന്ന വാക്കാൽ ഭേഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി രണ്ടാമത്തെ ക്ലാസ്സിൽ അവതരിപ്പിച്ചിട്ടുള്ളതിൽ ഒരു ഭേഗതി നിർദ്ദേശിക്കുകയാണ്. ആദ്യം ഓർഡിനൻസിൽ വന്നിട്ടുള്ളതുപോലെ 30 മാസം

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളതിൽ ഒതുങ്ങി നിൽക്കണമെന്നുള്ളതാണ് എനിക്ക് പായാനുള്ളത്. അതിന്റെ കാരണം 48 ആയാലും നിൽക്കുന്നില്ല, ഇനി എപ്പോഴെങ്കിലും തിരഞ്ഞെടുപ്പു നടത്തുമെന്നതിന് യാതൊരു ഉറപ്പും ഇല്ല. പ്രധാനമായിട്ടും കേരളാ ഗവൺമെന്റ് നേരിട്ട് തിരഞ്ഞെടുപ്പു നടത്തേണ്ട ഒരു സമിതിയിലേയ്ക്കും തിരഞ്ഞെടുപ്പ് നടത്താൻ ഇതുവരെ അവർക്ക് കഴിഞ്ഞിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പഞ്ചായത്തിലായാലും, മുനിസിപ്പാലിറ്റിയിലായാലും യാതൊന്നിലും തിരഞ്ഞെടുപ്പു നടത്തിയിട്ടില്ല. അതേസമയത്തുതന്നെ കേരളത്തിൽ തിരഞ്ഞെടുപ്പുകൾ നടന്നു. കേരളത്തിൽ പാർലമെന്റ് തിരഞ്ഞെടുപ്പ് നടന്നു; കേരളത്തിൽ അസംബ്ലി ഉപതെരഞ്ഞെടുപ്പുകൾ നടന്നു. കാരണം അത് നടത്തുന്നത് ഈമാതിരി കഴിവുകെട്ടവരും കൊള്ളരുതാത്തവരും, നിയമപരമായിട്ടുള്ള പ്രാഥമിക ജനാധിപത്യ ബോധമോ നിയമപരമായിട്ടുള്ള ബാദ്ധ്യതയോ മാനിക്കാത്തവരുമാണ് ഇവിടെ എന്നുള്ളതുകൊണ്ടാണ്. ഇതൊക്കെ നടന്നത് ഇലക്ഷൻ കമ്മീഷൻ നടത്തുന്നത് എന്നുള്ളതുകൊണ്ടാണ്. ഈ ഗവൺമെന്റ് 48 മാസമെന്നല്ല ഒരിക്കലും തിരഞ്ഞെടുപ്പു നടത്താൻ പോകുന്നില്ല. ഇത്രയും കാലം ഈ ഗാന്ധിജി യൂണിവേഴ്സിറ്റി നിലവിൽ നിന്നിട്ടും, തിരഞ്ഞെടുക്കാൻ വ്യവസ്ഥകൾ ഉണ്ടായിട്ടും, ആ യൂണിവേഴ്സിറ്റിയിലെ അധികാരികൾ നാളിതുവരെ തെരഞ്ഞെടുപ്പിനു വേണ്ട ഏർപ്പാടുകൾ ഒന്നും ചെയ്തിട്ടില്ല, അടുത്ത് ചെയ്യാൻ കഴിയുകയില്ലെന്നു ഇപ്പോൾ ഗവൺമെന്റിനെ അറിയിച്ചിരിക്കുന്നു. ഇവർക്ക് ആരേയും എന്തും അറിയിക്കുന്നതിന് യാതൊരു വിഷമവുമില്ല. ഇവർ സ്വന്തം ഉത്തരവാദിത്വങ്ങൾ നിർവ്വഹിച്ചിട്ടില്ല, ...

ഞാൻ അതിലേക്ക് കൂടുതൽ കടക്കുന്നില്ല. ഇവർക്ക് രേണുഘടനയില്ല, ഉത്തരവാദിത്വമില്ല, സത്യസന്ധതയില്ല, രാഷ്ട്രീയ സദാചാരമില്ല. ഇതിലെ പ്രധാന പ്രശ്നം അതാണ്. അത് പരിഗണിക്കേണ്ട കാര്യമാണ് .....(ബഹളം) .....തിരഞ്ഞെടുപ്പ് ഏതെങ്കിലും സമയത്ത് നടത്തുമെന്നുള്ളതിനു ഒരു ഉറപ്പുമില്ല.

നിയമസഭയിൽ പെട്ടെന്ന് ഒരു ഭേദഗതി കൊണ്ടുവന്നിരിക്കുകയാണ്, പൊതു ചർച്ചയിൽ പങ്കെടുക്കാനുള്ള അവസരം നിഷേധിച്ചുകൊണ്ടാണ്. അവർ ഈ രീതിയിൽ ഭേദഗതി കൊണ്ടുവന്നത്. ഇത് പൊതു ചർച്ചയിൽ പങ്കെടുത്ത് പറയാനുള്ളതാണ്. അവസരം നിഷേധിക്കാൻ വേണ്ടി തന്നെയാണ് ഈ അവസാന നിമിഷം കൊണ്ടുവന്നത്. ഞാൻ അതുകൊണ്ട് പൊതു ചർച്ചയുടെ മുഴുവൻ ജാളവിലേക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. ഏതെങ്കിലും ഒരു കാലയളവിൽ ഈ തിരഞ്ഞെടുപ്പ് നടത്താൻ കഴിയുമെന്ന് പറഞ്ഞിട്ടില്ല. പറഞ്ഞാലും വിശ്വസിക്കാൻ കഴിയുന്ന ഒരു കീഴ്വഴക്കമല്ല ഈ ഗവൺമെന്റിനുള്ളത്. അതുകൊണ്ട് ഈ കാലത്തിനുള്ളിൽ തിരഞ്ഞെടുപ്പ് നടത്തിയേ മതിയാകൂ. അത് നടത്താൻ കഴിയുകയില്ലെങ്കിൽ അതിന് ഉത്തരവാദപ്പെട്ടവർ രാജിവച്ച് വേറെ പണിയ്ക്കു പോകണമെന്നുള്ളതാണ് എനിക്കു പറയാനുള്ളത്.

Shri. V.J. Thankappan: In the oral amendment proposed by the Minister to clause 2 of the Gandhiji University (second amendment) Bill, 1986 the words "fourty-eight months" may be substituted with the words "thirty-six months" എന്ന വാക്കാൽ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇത് ഒരു പുതിയ ബില്ലാണ്. പഴയ ബില്ലിന്റെ ക്ലാസ് 2-ന് 30 മാസമെന്നുള്ളതിനു് ഞാൻ 28 മാസം എന്ന ഒരു അമെൻറ്മെൻറ് കൊടുത്തിരുന്നു. അത് കാലഹരണപ്പെട്ടുപോയി. ഈ പുതിയ ബില്ലിൽ 48 മാസം അതായത് 4 വർഷം വേണമെന്നാണ് ആവശ്യപ്പെടുന്നത്. ഈ ഡിസംബർ മാസത്തിൽ 30 മാസം അവസാനിക്കുമെന്നും വീണ്ടും 18 മാസംകൂടി വേണമെന്നുമാണ് ആവശ്യപ്പെടുന്നത്. ആ 48 മാസമെന്നുള്ളത് ഞാൻ 36 ആക്കി ചുരുക്കുന്നു. അതാണ് എന്റെ അമെൻറ്മെൻറ്. ആറു മാസംകൂടി. ആറുമാസം പോരേ? ഡിസംബർ മാസത്തിൽ 30 മാസം അവസാനിക്കുമെങ്കിൽ ഏകദേശം 6 മാസം മതി.

മി. സ്പീക്കർ: മി. തങ്കപ്പൻ അങ്ങെങ്കിലും മറ്റു വിഷയങ്ങളിലേക്ക് പോകരുത്.

ശ്രീ. വി.ജെ. തങ്കപ്പൻ: കേരളാ കോൺഗ്രസ്സിലാണെങ്കിൽ വല്ലപ്പോഴും തിരഞ്ഞെടുപ്പും, പഞ്ചാബ് മോഡലും ഉണ്ട്. ഞാൻ പറഞ്ഞുവന്നത് ഒരു കാരണവശാലും ഇത് അംഗീകരിച്ചു കൊടുക്കുവാൻ പറ്റുകയില്ല. എന്തുകൊണ്ടെന്നാൽ ഇഷ്ടംപോലെ തിരഞ്ഞെടുപ്പ് നീട്ടിക്കൊണ്ടു പോകുന്നത് ഈ ബില്ലിന്റെ കാര്യത്തിൽ മാത്രമല്ല, നാളെയും മറ്റന്നാളും ചർച്ചക്കു വച്ചിരിക്കുന്ന പല ബില്ലുകളിലും ഇങ്ങനെ തിരഞ്ഞെടുപ്പ് നീട്ടിക്കൊണ്ടു പോകുക, തിരഞ്ഞെടുപ്പു നടത്താതിരിക്കാൻവേണ്ടി ആലോചിക്കുക ഇതൊക്കെയാണ് ഈ ഗവൺമെൻറ് ചെയ്തിരിക്കുന്നത്. അദ്ദേഹത്തിന്റെ പാർട്ടി ദേശീയ വീക്ഷണമുള്ള പാർട്ടിയാണെന്നാണ് പറയുന്നത്? ദേശീയ വീക്ഷണമുള്ള .....

മി. സ്പീക്കർ: അങ്ങ് ആ ക്ലാസ്സിനെക്കുറിച്ച് പറയൂ ദേശീയ വീക്ഷണത്തെക്കുറിച്ച് പിന്നീടു പറയാം.

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, 48 മാസമെന്നുള്ളത് ഒരു കാരണവശാലും അംഗീകരിച്ചു കൊടുക്കാൻ കഴിയുകയില്ല. അത് 36 മാസമാക്കി ചുരുക്കണം. ഏതു ദേശീയ വീക്ഷണമുണ്ടെങ്കിലും 36 മാസമായി അംഗീകരിക്കണം.

Shri. Kanam Rajendran: In section 94 of the Gandhiji University Act, 1985 proposed to be amended by clause 2 for the words "thirty months", the words "thirty four months" shall be substituted, എന്ന വാക്കാൽ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, 33 മാസം എന്ന ഒരു ഭേദഗതി ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ അവതരിപ്പിച്ചു. ശ്രീ. ടി. എം. ജേക്കബ്ബിന് ഒരു മാസം കൂടി ബോണസ്സായിട്ട് കൊടുക്കാൻ ഞാൻ തയ്യാറാണ്. അങ്ങനെ 34 മാസം. ഇത് ഇപ്പോഴും ഒരു പുതിയ നിയമമാണ് സർ. സഭക്കു മുമ്പാകെ ഒരു ഓർഡിനൻസ് കൊണ്ടുവരുമ്പോഴും അല്ലെങ്കിൽ ഒരു നിയമം കൊണ്ടുവരുമ്പോഴും സ്വാഭാവികമായും അതിനു മുമ്പായി അത് ക്യാബിനറ്റിൽ ചർച്ച ചെയ്തിട്ടുണ്ടാവണം. ഒരു കൂട്ടുകക്ഷി ഗവൺമെൻറാകുമ്പോഴും സ്വാഭാവികമായിട്ടും. അതിന്റെ മുന്നണി ചർച്ച ചെയ്തിട്ടുണ്ടാകണം. ഇത് ഇപ്പോഴും ഒന്നുമില്ലാതെ ഈ ബിൽ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തു ഇവിടെ വന്നുകഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

ശേഷം ഒരു ഭേദഗതി കൊണ്ടുവന്ന് ഒരു പുതിയ ബില്ലായി നിൽക്കുകയാണു സർ. അദ്ദേഹം ക്യാബിനറ്റിൽ ചീഫ് മിനിസ്റ്ററെ പോയി കണ്ട് ഇതുപോലെ പല കാര്യങ്ങളും സാധിച്ചെടുക്കുന്നുണ്ടെന്ന വാർത്തയുണ്ട്. നിയമസഭയിലും അതുതന്നെ ചെയ്യുകയെന്നുപറഞ്ഞാൽ വളരെ മോശമാണ്. ഇത് സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്തപ്പോഴുമെല്ലാം വന്ന 30 മാസമെന്നുള്ളതിനുപകരം ഇപ്പോൾ 48 മാസമാക്കിയിരിക്കുകയാണ്. ജനാധിപത്യവും തിരഞ്ഞെടുപ്പുമെന്നു പറയുന്നത് ഒരു അലർജിയായി ഇപ്പോൾ മാറിയിട്ടുണ്ട്. ഇപ്പോൾ ടി. എം. ജേക്കബ്ബിന്റെ പാർട്ടിയിലുമില്ല സർ, തിരഞ്ഞെടുപ്പ്. സ്ഥലസൗകര്യമില്ലാത്തതുകാരണം സംസ്ഥാന കമ്മിറ്റി കൂടാത്ത ഒരു പാർട്ടിയാണത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഇവിടെ അഞ്ച് പ്രതിപക്ഷ മെമ്പർമാർ അമൻറ്മെൻറ് മൂവ് ചെയ്തു. അഞ്ചുപേരും അഞ്ചുതരത്തിലാണ് മൂവ് ചെയ്തിരിക്കുന്നത്. ആ ഒറ്റ കാരണംകൊണ്ട് ആരുടേയും സ്വീകരിക്കാൻ പറ്റുകയില്ലെന്നുള്ളത് തീർച്ചയാണ്. ഇവിടെ ഗവൺമെൻറ് കൊണ്ടുവന്നിരിക്കുന്ന ഭേദഗതിയെന്നുപറയുന്നത് 48 മാസമാണ് സർ. ഞാൻ അതിനകത്ത് നേരത്തെതന്നെ സൂചിപ്പിച്ചതുപോലെ സെക്ഷൻ 94-ന് കൊണ്ടുവന്നിരിക്കുന്ന ഒരു അമൻറ്മെൻറാണിത്. ഒറിജിനൽ സെക്ഷൻ 94. അത് രണ്ടു വർഷമെന്നുള്ളത് 48 മാസമാക്കിയിരിക്കുന്നു. ഇവിടെ നിങ്ങൾ പറഞ്ഞതുപോലുള്ള ആശങ്കയൊന്നുമില്ല. സെക്ഷൻ 94 നമ്മുടെ നിയമസഭ അംഗീകരിച്ചതാണ്. ഇലക്ഷനാണ് ആദ്യം നടക്കുന്നതെങ്കിൽ തീർച്ചയായും ഈ സിൻഡിക്കേറ്റും സെനറ്റും പുറത്തുപോകേണ്ടതായിട്ടു വരും. അതുകൊണ്ട് ഇലക്ഷൻ നടത്തുകയാണെങ്കിൽ ഒരു വിഷമവും വരാൻ പോകുന്നില്ല. ഇലക്ഷൻവഴി ഈ സമിതികൾക്ക് അധികാരത്തിൽ വരാൻ കഴിയുമെന്നൊക്കെ അതിനകത്ത് വളരെ ക്ലീയറായിട്ട് പറയുന്നുണ്ട്. അതുപോലെതന്നെ യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷന്റെ അംഗീകാരത്തിനുവേണ്ടിയിട്ടുള്ള നീക്കങ്ങൾ ഗവൺമെൻറ് നടത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഗാന്ധിജി യൂണിവേഴ്സിറ്റി തേഡ് അമെൻറ്മെൻറ് ബിൽ ഏതെങ്കിലും രൂപത്തിൽ അംഗീകരിച്ചേ പറ്റൂ. സ്വാഭാവികമായും ആ തേഡ് അമൻറ്മെൻറ് ബിൽ വരികയാണെങ്കിൽ ഇപ്പോഴത്തെ ഈ പറയുന്ന ഈ ക്ലാസ് പ്രകാരമുള്ള സെക്കൻറ് അമെൻറ്മെൻറ് ആവശ്യമില്ലാതെ വരുന്നുണ്ട്. എന്നാണെങ്കിലും ഒരു പരീക്ഷണത്തിനുവേണ്ടി പോകാതെ ഇനിയും ഒരു ഓർഡിനൻസിലേക്ക് പോകാനുള്ള സാഹചര്യമുണ്ടാകാതിരിക്കാൻ വേണ്ടിയിട്ടാണ് ഗവൺമെൻറ് ഇത് ചെയ്തിരിക്കുന്നത്. ഇതുകൊണ്ട് യാതൊരു അപകടവും ഇല്ല. ഇലക്ഷൻ ആദ്യം നടന്നാൽ തീർച്ചയായും ഇലക്ഷൻ വഴിയുള്ള സമിതിക്ക് അധികാരത്തിൽ വരാനുള്ള പ്രൊവിഷൻസ് നമ്മുടെ ഒറിജിനൽ നിയമമനുസരിച്ച് ഉണ്ട്. അതുകൊണ്ട് എന്റെ ഈ ഭേദഗതി അംഗീകരിച്ചുതരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. ഇ. പത്മനാഭൻ അവതരിപ്പിച്ച ഭേദഗതിസഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. ഇ. പത്മനാഭൻ: സർ, ഞാൻ പ്രോഗ്രാം ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സഭാംഗങ്ങളുടെ പേരുകൾ താഴെ പറയുംപ്രകാരം വേർതിരിഞ്ഞ് വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—46

1. ശ്രീ. കെ. പി. അരവിന്ദാക്ഷൻ
2. ,, ടി. കെ. ആറുമുഖൻ
3. ,, ബേബി ജോൺ
4. ,, കെ. കെ. ബാലകൃഷ്ണൻ
5. ,, കോടിയേരി ബാലകൃഷ്ണൻ
6. ,, ഒ. ഭരതൻ
7. ,, കെ. ആർ. ചന്ദ്രമോഹനൻ
8. ,, കെ. ചന്ദ്രശേഖരൻ
9. ,, എൻ. ചന്ദ്രശേഖരക്കുറുപ്പ്
10. ,, വി. എസ്. ചന്ദ്രശേഖരൻ പിള്ള
11. ,, സിറിയക്ക് ജോൺ
12. ശ്രീമതി പി. ദേവൂട്ടി
13. ശ്രീ. കെ. ജെ. ജോർജ്
14. ,, എസ്. ഗോവിന്ദക്കുറുപ്പ്
15. ,, കെ. ഇ. ഇസ്മയിൽ
16. ,, ഇ. കെ. നായനാർ
17. ,, വി. സി. കബീർ
18. ,, കെ. ടി. കണാരൻ
19. ,, വി. കേശവൻ
20. ,, കെ. കൃഷ്ണൻകുട്ടി
21. ,, കോലിയക്കോട് എൻ. കൃഷ്ണൻനായർ
22. ,, പി. കുമാരൻ
23. ,, പി. വി. കുഞ്ഞിക്കണ്ണൻ
24. ,, ലോനപ്പൻ നമ്പാടൻ
25. ,, കെ. മുസ്സക്കുട്ടി
26. ,, എ. കെ. പത്മനാഭൻ
27. ,, ഇ. പത്മനാഭൻ
28. ,, കെ. പങ്കജാക്ഷൻ
29. ,, ടി. പി. പീതാംബരൻ മാസ്റ്റർ
30. ,, കെ. പി. പ്രഭാകരൻ
31. ,, കെ. പുരുഷോത്തമൻ
32. ശ്രീമതി റേയ്ച്ചൽ സണ്ണി പനവേലി
33. ശ്രീ. വർക്കല രാധാകൃഷ്ണൻ
34. ,, എം. വി. രാഘവൻ
35. ,, വി. കെ. രാജൻ
36. ,, കാനം രാജേന്ദ്രൻ
37. ,, എ. കെ. ശശീന്ദ്രൻ
38. ,, എ. സി. ഷൺമുഖദാസ്
39. ,, കെ. വി. സുരേന്ദ്രനാഥ്
40. ,, എ. വി. താമരാക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

41. ശ്രീ. സി. കെ തങ്കപ്പൻ
42. ,, വി. ജെ. തങ്കപ്പൻ
43. ,, എസ്. ആർ. തങ്കരാജ്
44. ,, ആർ. എസ്. ഉണ്ണി
45. ,, ജി. വരദൻ
46. ,, പി. വിജയദാസ്

പ്രതികൂലിക്കുന്നവർ—62

1. ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി
2. ,, പി. എം. അബൂബേക്കർ
3. ,, ഇ. അഹമ്മദ്
4. ,, കൊരമ്പയിൽ അഹമ്മദ് ഹാജി
5. ,, സി. ടി. അഹമ്മദ് അലി
6. ,, കെ. അവുക്കാദർകുട്ടി നഹ
7. ,, തെന്നല ജി. ബാലകൃഷ്ണപിള്ള
8. ,, പി. കെ. കെ. ബാവ
9. ,, യു. എ. ബീരാൻ
10. ,, ബെന്നിബഹനാൻ
11. ,, പി. ഭാസ്കരൻ
12. ,, വി. ദിനകരൻ
13. ,, എം. പി. ഗംഗാധരൻ
14. ,, പി. സി. ജോർജ്
15. ,, കെ. എം. ഹംസക്കുഞ്ഞ്
16. ,, എം. എം. ഹസ്സൻ
17. ,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ
18. ,, എ. എൽ. ജേക്കബ്
19. ,, ടി. എം. ജേക്കബ്
20. ,, ടി. എസ്. ജോൺ
21. ,, എ. സി. ജോസ്
22. ,, ജോസ് കുറ്റിയാനി
23. ,, ഡോക്ടർ കെ. സി. ജോസഫ്
24. ,, പി. ജെ. ജോസഫ്
25. ,, വി. വി. ജോസഫ്
26. ശ്രീമതി എം. കമലം
27. ശ്രീ. കെ. ജി. ആർ. കർത്താ
28. ,, കെ. കരുണാകരൻ
29. ,, പി. കെ. കുഞ്ഞാലിക്കുട്ടി
30. ,, മണിമംഗലത്ത് കുട്ട്യാലി
31. ,, ഇ. ജെ. ലൂക്കോസ്
32. ,, കെ. പി. എ. മജീദ്
33. ,, എം. വി. മാണി
34. ,, കെ. മുഹമ്മദാലി
35. ,, ഇ. ടി. മുഹമ്മദ് ബഷീർ
36. ,, പി. എ. മുഹമ്മദ് കുഞ്ഞ്
37. ,, കെ. പി. നൂറുദ്ദീൻ
38. ,, ഉമ്മൻചാണ്ടി
39. ,, സി. വി. പത്മരാജൻ

LIBRARY ARCHIVES Kerala Legislative Assembly

40. ശ്രീ. തച്ചടി പ്രഭാകരൻ
41. ,, കെ. രാഘവൻ മാസ്റ്റർ
42. ,, രാഘവൻ പൊഴക്കടവിൽ
43. ,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
44. ,, എസ്. രാമചന്ദ്രൻ പിള്ള
45. ,, തേറമ്പിൽ രാമകൃഷ്ണൻ
46. ,, കെ. പി. രാമൻ
47. ,, രമേശ് ചെന്നിത്തല
48. ,, തോപ്പിൽ രവി
49. ,, എൻ. ശക്തൻ നാടാർ
50. ,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ
51. ,, കടവൂർ ശിവദാസൻ
52. ,, നാലകത്തു സുപ്പി
53. ,, കെ. കെ. ശ്രീനിവാസൻ
54. ,, എൻ. ശ്രീനിവാസൻ
55. ,, പന്തളം സുധാകരൻ
56. ,, കോട്ടക്കുഴി സുകുമാരൻ
57. ,, സി. എം. സുന്ദരം
58. ,, എൻ. സുന്ദരൻ നാടാർ
59. ,, പി. പി. തങ്കച്ചൻ
60. ,, കെ. കെ. തോമസ്
61. ,, തോമസ് കല്ലംപള്ളി
62. ,, സ്റ്റീഫൻ പാദുവ

നിഷ്പക്ഷർ—ഇല്ല

അനുകൂലിക്കുന്നവർ—46

പ്രതികൂലിക്കുന്നവർ—62

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ശ്രീ. ഇ. പത്മനാഭൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. ജെ. തങ്കപ്പൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

LIBRARY ARCHIVES Kerala Legislative Assembly

മൂന്നാം വകുപ്പ്

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിത്തീർന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, 1986-ലെ ഗാന്ധിജി സർവ്വകലാശാല (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. ഇ. കെ. നായനാർ: സർ, ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്. വിദ്യാഭ്യാസ മേഖലയാകെ കുളംതോണ്ടിക്കൊണ്ട് ഈ രാജ്യത്തിലെ പതിനായിരക്കണക്കിന് വിദ്യാർത്ഥികളെ തോല്പിക്കുകയും പരാജയപ്പെടുത്തുകയും ചെയ്തു തകർത്ത ഒരു വിദ്യാഭ്യാസ മന്ത്രിയാണ് തെറ്റായിട്ടുള്ള, ഏകാധിപത്യപരമായ വകുപ്പുകൾ ഉൾക്കൊള്ളിച്ച ഈ ബിൽ കൊണ്ടുവന്നത്. ഏറ്റവും ഒടുവിലാണ് ഒരു ഭേദഗതി ഇപ്പോൾ ഓറലായിട്ട് അവതരിപ്പിക്കാനുള്ള ഗതികേടിലേക്ക് എത്തിയത്. ചാൻസലർ അതായത് ഫലത്തിൽ ഗവൺമെന്റ് ഗാന്ധിജി യൂണിവേഴ്സിറ്റിയിലെ സിൻഡിക്കേറ്റിലേക്കും സെനറ്റിലേക്കും അംഗങ്ങളെ നോമിനേറ്റ് ചെയ്യുകയാണ്. പഞ്ചായത്ത് തെരഞ്ഞെടുപ്പുപോലും നടത്താതിരിക്കുന്ന ഒരു തെരഞ്ഞെടുപ്പിനെ ഭയപ്പെടുന്നതായിട്ടുള്ള ഒരു ഗവൺമെന്റാണിത്. തീർച്ചയായിട്ടും ഈ ബിൽ അധികാര ദുർവിനിയോഗത്തിന്റെ സ്പഷ്ടമായ ഒരു തെളിവാണ്. ഒരു സർവ്വകലാശാലയിലെ ആദ്യത്തെ സെനറ്റിലേക്കും സിൻഡിക്കേറ്റിലേക്കും അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുകയെന്നത് അനിവാര്യമായേക്കാം. പക്ഷേ ഈ നാമനിർദ്ദേശപ്രക്രിയ അനിശ്ചിതകാലത്തേക്ക് തുടരാൻ അധികാരം വിനിയോഗിക്കുന്നത് ജനകീയസമിതികളെ മറികടക്കാനുള്ള സ്ഥിരം പരിപാടിയുടെ ഭാഗമായാണ്. ജനകീയസമിതികൾ രൂപീകരിക്കുന്നതിനുള്ളതടസ്സമെന്താണെന്ന് വ്യക്തമാകുന്നില്ല? വിദ്യാഭ്യാസ സ്ഥാപനങ്ങളിൽത്തന്നെ ജനാധിപത്യ സമ്പ്രദായത്തിന്റെ വേര് പിഴുതെടുക്കുന്നതിന്റെ ഭാഗമായി ഈ ബില്ലിനെ ആർക്കും തിരുത്തിക്കുറിക്കലും അനുകൂലിക്കാൻ നിവർത്തിയില്ല. തീർച്ചയായിട്ടും ഏകാധിപത്യത്തിന്റെ സ്വരവും ശബ്ദവും ഈ ഭരണമുന്നണിയുടെ ഭാഗത്തു തുടരുന്നതിന്റെ ഭാഗമായാണ് വിദ്യാഭ്യാസം. ഇന്നുതന്നെ ഹൈക്കോടതി ജഡ്ജി രാജിവയ്ക്കണമെന്ന് ഈ രാജ്യത്തിലെ മന്ത്രിമാരോട് ആവശ്യപ്പെട്ടിരിക്കുകയാണ്. എന്തുകൊണ്ട് ഇന്ന് ഹൈക്കോടതിയിൽ ഇങ്ങനെയുള്ള കേസ് വന്നു? ഇവിടെ ഏകാധിപത്യമാണ്. ഏകാധിപത്യത്തിനെതിരായിക്കൊണ്ട് കോടതിപോലും വരാനുള്ള സാഹചര്യം ഇവിടെയുണ്ടായിക്കഴിഞ്ഞു എന്നേ ഞാൻ പറയുന്നുള്ളൂ. ഇന്നുപോലും ഹൈക്കോടതി പറഞ്ഞിരിക്കുകയാണ്, എന്തുകൊണ്ട് ഈ മന്ത്രിമാർ രാജിവയ്ക്കുന്നില്ലെന്ന്. ജഡ്ജി പറഞ്ഞിരിക്കുകയാണ്; എന്നിട്ട് ഡിസംബർ മൂന്നാം തീയതിയിലേയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

കേസ് നീട്ടിയിരിക്കുകയാണ്. അപ്പോഴും ജനാധിപത്യപരമായിട്ടുള്ള സ്വഭാവം പോലും ഇല്ലാതെ തികഞ്ഞ ഒരു ഏകാധിപത്യ സമീപനത്തിലാണ് ഈ ബിൽ കൊണ്ടുവന്നത്. അതുകൊണ്ട് ശക്തിയുക്തം ഞാൻ ഇതിനെ എതിർക്കുകയാണ്.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ഒരു ചോദ്യം. ഏതു കേസ്സാണ് നീട്ടിയത്?

ശ്രീ. ഇ. കെ. നായനാർ: ഇന്നത്തെ കേസ്സ്. ഈ മുഖ്യമന്ത്രിയും ആർ. ബാലകൃഷ്ണപിള്ള മന്ത്രിയും എന്തുകൊണ്ട് രാജിവയ്ക്കുന്നില്ലെന്ന് ഹൈക്കോടതി ഇന്നു പറഞ്ഞിരിക്കുകയാണ്? ഇങ്ങനെ നാണവും മാനവുമില്ലാതെ.....

ശ്രീ. ഇ. അഹമ്മദ്: കോടതിയിലെ കേസ് നീട്ടിയത് കേസ് നിലവിലുള്ളതുകൊണ്ടാണ്.

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഈ സഭ ഇന്ന് ഈ ബില്ല് ഇവിടെ പാസ്സാക്കിയാലും അത് പ്രയോഗത്തിൽ വരുമോയെന്നുള്ള കാര്യത്തിൽ എനിക്ക് ആശങ്കയുണ്ട്. കാരണം ഈ മന്ത്രിസഭയെ നയിക്കുന്ന

5 P. M.] മുഖ്യമന്ത്രി, ശ്രീ. കെ. കരുണാകരന് എതിരായി അദ്ദേഹത്തിന് ഈ മന്ത്രിസഭയിൽ തുടരാൻ അവകാശമില്ലെന്ന് വളരെ അസന്ദിഗ്ധമായി ഹൈക്കോടതിയിൽ ചീഫ് ജസ്റ്റീസ് പ്രഖ്യാപിച്ചുകഴിഞ്ഞിരിക്കുകയാണ്. അങ്ങനെ മി. കരുണാകരന്റെ മന്ത്രിസഭയിലെ ഏത് അംഗം കൊണ്ടുവരുന്ന നിയമമായാലും ഇവിടെ ആ നിയമം പാസ്സാക്കിയാലും ഭരണഘടനാപരമായി ആ നിയമം നിലനില്ക്കുകയില്ല. അത് കോടതിയിൽ ചോദ്യം ചെയ്യപ്പെടാൻ പോവുകയാണ്. അങ്ങനെ കോടതിയിൽ ചോദ്യം ചെയ്യപ്പെടുമെന്ന് മനഃപൂർവ്വം അറിഞ്ഞുകൊണ്ടുതന്നെ ഇവിടെ ഇങ്ങനെയൊരു നിയമം പാസ്സാക്കുന്നതുകൊണ്ട് വലിയ പ്രയോജനമില്ല. ഇവിടെ ഈ മുഖ്യമന്ത്രിയോട് രാജിവെച്ചുപോകണമെന്നാണ് ചീഫ് ജസ്റ്റീസ് ശ്രീ. മലീമഠ് പറഞ്ഞത്. മാത്രമല്ല, ജഡ്ജി സുകുമാരന്റെ 21-ാം തീയതിയിലെ വിധി നിലനിൽക്കുകയാണ്.

മി. സ്പീക്കർ: മി. പ്രഭാകരൻ ബില്ലിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് സംസാരിക്കണം.

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഞാൻ വസ്തുതകൾ പറയുകയാണ്. കോടതി എന്ന് കേൾക്കുമ്പോൾ എന്താണിത്ര ഭയപ്പെടുന്നത്? 21-ാം തീയതി ജസ്റ്റീസ് സുകുമാരൻ പുറപ്പെടുവിച്ച വിധി ഇന്നും നിലനില്ക്കുകയാണ്, അതിനുശേഷമാണ് . ഇപ്പോൾ ഈ ബില്ല് അവതരിപ്പിക്കുന്നത്: ആ വിധിക്കെതിരായി സ്റ്റേ കൊടുത്തുവെന്ന് ഇവിടെ ഗവൺമെന്റ് ഭാഗത്തുനിന്നും പറഞ്ഞത് തെറ്റായിരുന്നുവെന്ന്, കളവായിരുന്നുവെന്ന്, ചീഫ് ജസ്റ്റീസ് ഇന്ന് ഓപ്പൺ കോടതിയിൽ പറഞ്ഞിരിക്കുകയാണ്. അങ്ങനെ സ്റ്റേ കൊടുത്തിട്ടില്ല. ആ സ്റ്റേ കൊടുക്കാത്ത കാലത്തോളം ആ വിധി നിലനിൽക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, അങ്ങനെയൊരു പരാമർശം കോടതിയിൽനിന്നും ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. പ്രഭാകരൻ: ഉണ്ടായിട്ടുണ്ട്. പരസ്യമായി കോടതിയിൽ പരാമർശമുണ്ടായിട്ടുണ്ട്. ആ വിധി നിലനിൽക്കുമ്പോഴും അതിനെതിരായി അപ്പീൽപോലും സ്വീകരിച്ചിട്ടില്ല. അതിന് നമ്പർപോലും കൊടുത്തിട്ടില്ല. അത് സമർപ്പിക്കുന്നതിന് മുമ്പ്.....

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഒരു പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: നോ. നോ. മി. പ്രഭാകരൻ, ഐ ആം സോറി.

ശ്രീ. ടി. എം. ജേക്കബ്: സർ, റൂൾ 92. ഇത് ബില്ലിന്റെ മൂന്നാം വായനയാണ്. തേഡ് റീഡിംഗിന്റെ സമയത്ത്.....ഒരു ബില്ല് അത്തിന്റെ ഫസ്റ്റ് റീഡിംഗ് കഴിഞ്ഞ്, അതിന്റെ ക്ലാസ് ബൈ ക്ലാസ് ഡിസ്കഷൻ കഴിഞ്ഞ് ഇപ്പോഴാ തേഡ് റീഡിംഗിന് വന്നിരിക്കുകയാണ്. സർ, ഈ ഡിബേറ്റിന്റെ സ്കോപ്പ് വളരെ പരിമിതമാണ്. ഈ ബില്ലിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് സാധാരണ നിയമസഭാ ചട്ടങ്ങളനുസരിച്ച് ഈ ബിൽ നടപ്പിലാക്കുമ്പോഴാ ഉണ്ടാകുന്ന പ്രായോഗികതയെ സംബന്ധിച്ച് മാത്രമേ തേഡ് റീഡിംഗിൽ ചൂണ്ടിക്കാണിക്കുവാൻ കഴിയുകയുള്ളൂ. അതിന് വിരുദ്ധമായി ഇവിടെ മറ്റുകാര്യങ്ങളിലേക്ക് കടന്നുപറയുന്നത് ശരിയല്ല. അതുകൊണ്ട്, അങ്ങയോട് എനിക്ക് റിക്വസ്റ്റ് ചെയ്യാനുള്ളത് നമ്മളുടെ നടപടിച്ചട്ടങ്ങാക്ക് വിധേയമായ നിലയിൽ ഇതിന്റെ തേഡ് റീഡിംഗിൽ കൺഫൈൻ ചെയ്ത് സംസാരിക്കാനുള്ള നിർദ്ദേശം കൊടുക്കണമെന്നു മാത്രമാണ്.

ശ്രീ. കെ. പി. പ്രഭാകരൻ: ഇത് ഭരണഘടനാപരമായി നിലനിൽക്കുമോയെന്ന പ്രശ്നമാണ് ഞാൻ പറയുന്നത്.

മി. സ്പീക്കർ: തേഡ് റീഡിംഗിൽ പങ്കെടുക്കാനുള്ള അവകാശത്തെ അംഗീകരിക്കുകയാണ്. പക്ഷേ അതേസമയത്തുതന്നെ ബില്ലിന്റെ പരിധി വിട്ട് പോകുന്നത് ശരിയല്ല.

ശ്രീ. കെ. പി. പ്രഭാകരൻ: ബില്ലിന്റെ വിശദാംശങ്ങളെക്കുറിച്ച് 3-ാം വായനയിൽ പറയുകയാണ്. ഈ ബില്ല് പാസ്സാക്കിയാലും അത് നിലനിൽക്കുന്നതല്ല എന്നാണ് ഞാൻ പറയുന്നത്. അത് പറഞ്ഞുകഴിയും മുമ്പാണ് പോയിന്റ് ഓഫ് ഓർഡർ വന്നത്. ജസ്റ്റീസ് സുകുമാരന്റെ 21-ാം തീയതിയിലെ വിധി നിലനിൽക്കുകയാണ്. അതിനെതിരായി ഒരു അപ്പീൽ ഹൈക്കോടതിയിൽ സ്വീകരിച്ചിട്ടില്ല. അത് സ്വീകരിക്കുമോ, നിലനിൽക്കുന്നതാണോ.....(തടസ്സം).....

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, നമ്മൾ ഈ ഗാന്ധിജി യൂണിവേഴ്സിറ്റി ബില്ലിനെക്കുറിച്ചാണ് സംസാരിക്കുന്നത്. അതും, ജസ്റ്റീസ് സുകുമാരന്റെ വിധിയുമായിട്ട് എന്തു ബന്ധമാണുള്ളത്? ജസ്റ്റീസ് സുകുമാരനാണോ ബിൽ ഉണ്ടാക്കിവച്ചിരിക്കുന്നത്?

ശ്രീ. കെ. പി. പ്രഭാകരൻ: ജസ്റ്റീസ് രാജിവച്ച് പോകണമെന്ന്.....(ബഹളം).....പറഞ്ഞു എന്നാണ് പറയുന്നത്.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): കോടതിയിലുള്ള കാര്യത്തെപ്പറ്റി ഇവിടെ പറയുന്നത് ശരിയല്ല.

ശ്രീ. കെ. പി. പ്രഭാകരൻ: കോടതി എന്നുപറയുമ്പോഴാ.....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അങ്ങ് ബില്ലിനെപ്പറ്റി പറയൂ.

ശ്രീ. കെ.പി. പ്രഭാകരൻ: അങ്ങനെ മുഖ്യമന്ത്രി ശ്രീ. കരുണാകരന്റെ മന്ത്രിസഭയിലെ ഒരംഗം അത് ആരായാലും.....(ബഹളം).....

ശ്രീ. ഇ. അഹമ്മദ്: സർ, കോടതിയിൽ കേസ് ഉണ്ടെന്ന് അദ്ദേഹം തന്നെ പറയുന്നു. കോടതിയിൽ കേസ് ഉള്ള കാര്യത്തെപ്പറ്റി ഇവിടെ പറയുന്നത് ശരിയാണോ?

ശ്രീ. കെ. പി. പ്രഭാകരൻ: ഇങ്ങനെ പാസ്സാക്കുന്ന ഒരു ബിൽ നിയമമാകാൻ പോകുന്നില്ല. അത്, കോടതിയിൽ ചോദ്യം ചെയ്യപ്പെടും. അത് ചോദ്യം ചെയ്യപ്പെടാൻ പോവുകയാണ്.

ശ്രീ. ടി. എം. ജേക്കബ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒരുകാര്യം ചൂണ്ടിക്കാണിച്ചു. അദ്ദേഹം പറഞ്ഞു, തെരഞ്ഞെടുപ്പിനെ ഭയപ്പെട്ടുകൊണ്ടാണ് ഈ ബിൽ ഇങ്ങനെ അമെൻഡ് ചെയ്തിരിക്കുന്നതെന്ന്. അങ്ങനെയല്ല. തെരഞ്ഞെടുപ്പിനെ.....(ബഹളം).....

ശ്രീ. കെ.പി. പ്രഭാകരൻ: സർ, ഞാനെന്റെ പ്രസംഗം അവസാനിപ്പിച്ചിട്ടില്ല. അതിനിടയിൽ വേറൊരാൾ പ്രസംഗിക്കുന്നത് ശരിയാണോ? എനിക്ക് പറയുവാനുള്ളത് ഭരണഘടനാ വിരുദ്ധമായി ഇവിടെ ഇങ്ങനെയൊരു നിയമം പാസ്സാക്കാൻ ഈ സഭയ്ക്ക് അവകാശമില്ല എന്നാണ്. ഈ മന്ത്രിസഭയ്ക്ക് ഇങ്ങനെയൊരു ബിൽ കൊണ്ടുവരാൻ അവകാശമില്ല. മുഖ്യമന്ത്രി കരുണാകരന്റെ മന്ത്രിസഭയിലുള്ള ഒരാൾക്കും ഒരു മന്ത്രിക്കും അതിനവകാശമില്ല. അങ്ങനെയുള്ള ഒരു ബിൽ ഇവിടെ പാസ്സാക്കുന്നത് പാഴ്ശ്രമമാണ്, അതുകൊണ്ട് ഇത്തരത്തിലുള്ള ഒരു ബിൽ ഇവിടെ ഉണ്ടാകാൻ പാടില്ല. അത് നടപ്പിലാകാൻ പോകുന്നില്ല. അതുകൊണ്ട്.....(ബഹളം).....

മി. സ്പീക്കർ: മി. പ്രഭാകരൻ, അങ്ങയുടെ സമയം കഴിഞ്ഞു. ഐ ആം റിയലി സോറി. ശ്രീ. എ. സി. ഷൺമുഖദാസ്.

ശ്രീ. എ. സി. ഷൺമുഖദാസ്: ഇവിടെ ഈ നിയമം നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന പ്രശ്നങ്ങളെക്കുറിച്ച് മാത്രമേ ഞാൻ പറയുന്നുള്ളൂ, ഇത് കോടതിയിൽ ചോദ്യം ചെയ്താൽ ഇവിടെ പാസ്സാക്കുന്ന ഭേദഗതിയെ സംബന്ധിച്ചിടത്തോളം അതിന്റെ നിയമസാധുതയെ സംബന്ധിച്ച് പ്രശ്നങ്ങളുണ്ടാകും.

മി. സ്പീക്കർ: ആ പോയിന്റ് ഇവിടെ പറഞ്ഞു കഴിഞ്ഞതാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: നാറിയവനെ പാരിയാൽ പാരിയവനും നാറും. ഒരാൾ അയോഗ്യനാണെങ്കിൽ അയോഗ്യനായ മന്ത്രിയെ ഉൾക്കൊള്ളുന്ന മുഖ്യമന്ത്രിയും അയോഗ്യനാണ്. ആ കാരണം കൊണ്ടുതന്നെ (ബഹളം).....ഈ നിയമം എന്നു പറയുന്നത് പ്രായോഗികമായി നടപ്പില്ലാത്തതാണ്. അതുകൊണ്ട് ഈ മുഖ്യമന്ത്രി രാജിവയ്ക്കണം. ഇനി ഒരു നിമിഷംപോലും അധികാരത്തിൽ തുടരാൻ പാടില്ല.....(ബഹളം).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. ബേബി ജോണിന് പ്രസംഗിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബിജോൺ: സർ, ഞാൻ ഈ 3-ാം വായനയിൽ ചില വസ്തുതകളും ബില്ലിനെപ്പറ്റി, ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ രാജ്യം പാർലമെന്ററി ജനാധിപത്യത്തിൽ വിശ്വസിച്ച് അതിൽ അധിഷ്ഠിതമായിട്ടുള്ളതാണ്. അതിൽ ചില നടപടിക്രമങ്ങളുണ്ട്. പലപ്പോഴും നിയമപരമായ നടപടിക്രമങ്ങളും കീഴ്വഴക്കങ്ങളുമാണ് നാം സ്വീകരിക്കാറുള്ളത്. ബ്രിട്ടീഷ് കോമൺ സഭയും നമ്മുടെ ലോക്സഭയും നമ്മുടെ നിയമസഭയും അങ്ങനെ തന്നെയാണ്. ജനാധിപത്യമൂല്യങ്ങളും, കീഴ്വഴക്കങ്ങളും, രാഷ്ട്രീയ മര്യാദകളും ഇതൊക്കെ പാലിക്കേണ്ടതായിട്ടുണ്ട്. അതൊക്കെ പാലിച്ചില്ലെങ്കിൽ നമ്മുടെ ജനാധിപത്യസംവിധാനംതന്നെ തകരും. നമ്മുടെ സഭയിൽത്തന്നെയുണ്ട്, ഒരു പരാമർശനം. ഒരു ട്രൈബ്യൂണൽ നടത്തി വിശദമായ അന്വേഷണം വേണമെന്ന് പറഞ്ഞപ്പോൾ രാജിവച്ച ശ്രീ. ശ്രീനിവാസനുണ്ട്. അതുപോലെതന്നെ ഒരു കേസ് വിചാരണ വേണമെന്ന് പറഞ്ഞപ്പോൾ രാജിവച്ച ശ്രീ. എം. പി. ഗംഗാധരനുണ്ട്. അതുപോലെതന്നെ കഴിഞ്ഞപ്രാവശ്യം .....(ബഹളം)..... കഴിഞ്ഞവർഷം ഒരു പരാമർശനം ഹൈക്കോടതി പറഞ്ഞപ്പോൾ രാജിവച്ച ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുണ്ട്. ആ കീഴ്വഴക്കം ഇവിടെ മാത്രമല്ല, ശ്രീ. മാളവ്യ രാജിവച്ചിട്ടുണ്ട് .....(ബഹളം)....

മി. സ്പീക്കർ: ശ്രീ. കെ. ചന്ദ്രശേഖരന് പ്രസംഗിക്കാം.

ശ്രീ. ബേബിജോൺ: അപ്പോൾ ജനാധിപത്യമര്യാദ അനുസരിച്ച് ഇവിടെ മുഖ്യമന്ത്രിയും ശ്രീ. ബാലകൃഷ്ണപിള്ളയും രാജിവയ്ക്കുകയാണ് വേണ്ടത്.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ഈ ബില്ലിന്റെ 3-ാം വായനയിൽ റൂൾ 92 പ്രസക്തമാണ്. റൂൾ 92 പ്രകാരം ഈ ബില്ലിനെ തള്ളിക്കളയുവാനുള്ള എല്ലാ കാരണങ്ങളും പറയാവുന്നതാണ്. റൂൾ 92-ൽ പറഞ്ഞിട്ടുള്ളത്: കഴിയുന്നത്ര ബില്ലിന്റെ ഉള്ളടക്കത്തിലേയ്ക്ക് കടക്കരുത് എന്നാണ്: അതുകൊണ്ട് ഈ ബില്ല് തള്ളിക്കളയുവാനുള്ള എല്ലാ കാരണങ്ങളുമുണ്ടെന്ന് പറയുമ്പോൾ എന്റെ ബഹുമാനപ്പെട്ട മറ്റ് കക്ഷിനേതാക്കൻമാർ പറഞ്ഞതായിട്ടുള്ള എല്ലാ കാരണങ്ങളും പ്രസക്തമാണ്: ആ കാരണങ്ങളുടെ അടിസ്ഥാനത്തിൽ ഈ ബിൽ തള്ളിക്കളയേണ്ടതാണെന്ന് ഞാൻ ഉറപ്പിച്ചു പറയുകയാണ്.

ശ്രീ. നാലകത്തുസൂപ്പി: സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ഭേദഗതി വളരെ പ്രസക്തമാണ്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ചിടത്തോളം ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ സുഗമമായ നടത്തിപ്പിനു്, ഭാവിയിലെ സുഗമമായ പ്രവർത്തനത്തിനു് ഈ ഭേദഗതി അത്യാവശ്യമാണ്. ഒഴിവാക്കാൻ പാടില്ലാത്തതാണ്. അതുകൊണ്ട് ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുകയാണ്. ഈ വേള ഉപയോഗിച്ചുകൊണ്ട് ഈ രാജ്യത്ത് പുറത്ത് പ്രസംഗിക്കേണ്ടതെന്തോ പ്രസംഗം ഇവിടെ വന്ന് പ്രസംഗിക്കാൻ പാടില്ലാത്ത കാര്യങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാക്കൻമാർ ഉന്നയിച്ചത് നിർഭാഗ്യകരമായിപ്പോയി. കോടതിയിലിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് ഇതുപോലുള്ള തെറ്റായ പ്രസംഗങ്ങൾ ഇവിടെ അനുവദിക്കാൻ പാടില്ലായെന്നുകൂടി ഞാൻ ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, തെരഞ്ഞെടുപ്പിനെ ഭയപ്പെടുന്നതുകൊണ്ടാണ് ബിൽ ഇങ്ങനെ അവതരിപ്പിക്കുന്നത് എന്നു പറഞ്ഞു. തെരഞ്ഞെടുപ്പിനെ ഈ ഗവൺമെന്റിനു്

LIBRARY ARCHIVES Kerala Legislative Assembly

യാതൊരു ഭയവുമില്ല. ഇവിടെ തെരഞ്ഞെടുപ്പ് വരാൻ പോവുകയാണ്. ആ തെരഞ്ഞെടുപ്പിനെ ഭയപ്പെടുന്നതുകൊണ്ടാണ് ഈ അട്ടഹാസമൊക്കെ ഈ സഭയിലിരുന്ന് ഇവർ കാണിക്കുന്നത്. ഭരണഘടനാപരമായി നില നിൽക്കുന്ന ഒരു ഗവൺമെൻറാണ് ഇത്. ഭൂരിപക്ഷമുള്ള ഒരു ഗവൺമെൻറാണ്. ഭൂരിപക്ഷമുള്ള ഒരു ഗവൺമെൻറിന് നിയമസഭയിൽ ഒരു നിയമം കൊണ്ടുവരാനും പാസ്സാക്കാനും ഭരണഘടനാപരമായ അവകാശമുണ്ട്. ആ അവകാശത്തെ അതിലംഘിച്ചുകൊണ്ട് ഇത്തരത്തിലുള്ള അവഹേളനം നടത്തുന്ന ഇവരാണ് ഭരണഘടനാ വിരുദ്ധമായിട്ട് പെരുമാറുന്നത്. മുഖ്യമന്ത്രി അയോഗ്യനാണെന്ന് ഇന്ത്യയിലെ ഒരു കോടതിയും പറഞ്ഞിട്ടില്ല. അദ്ദേഹത്തിന് ഇന്നും ജനപിന്തുണയുണ്ട്. മുഖ്യമന്ത്രിയോ മറേറതെങ്കിലും മന്ത്രിയോ അയോഗ്യനാണെന്നുള്ള തീർപ്പ് അവസാനമായി ഒരു കോടതിയും കൽപ്പിച്ചിട്ടില്ല. കോടതിയുടെ പരിഗണനയിലിരിക്കുന്ന ഒരു വിഷയം, അതല്ലായെന്നുള്ള നിലയിൽ വ്യാഖ്യാനിച്ച് ഇവിടെ തെറ്റിദ്ധാരണ പരത്താൻവേണ്ടി ബോധപൂർവ്വം പ്രതിപക്ഷം നടത്തുന്ന ഒരു പ്രഹസനമാണ് ഇവിടെ കണ്ടുകൊണ്ടിരിക്കുന്നത്. ഭരണഘടനയോട് നിങ്ങൾക്ക് കൂറും വിശ്വാസവുമുണ്ടെങ്കിൽ ഭൂരിപക്ഷമുള്ള ഒരു ഗവൺമെൻറ് കൊണ്ടുവരുന്ന ഒരു ബിസിനസ് ട്രാൻസാക്ട് ചെയ്യാൻ അനുസ്സരിച്ചായി മാന്യമായി നിങ്ങൾ സഹകരിക്കുകയാണ് വേണ്ടത്. അതിന് വിരുദ്ധമായി ഇവിടെ കാണിക്കുന്ന ഈ അപഹാസ്യമായ നാടകം പൊതുജന മദ്ധ്യത്തിൽ നാളെ നിങ്ങൾക്ക് തിരിച്ചടി നൽകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഞങ്ങൾക്ക് തെരഞ്ഞെടുപ്പിനെ യാതൊരു ഭയവുമില്ല. ജനങ്ങൾ നൽകിയ പിന്തുണയോടുകൂടി അഞ്ചു വർഷത്തെ കാലാവധി ഈ ഗവൺമെൻറ് പൂർത്തിയാക്കാൻ പോവുകയാണ്. 1967-ൽ 111 പേരുടെ പിൻബലം നൽകിയിട്ട് ഇ.എം.എസ്സിന് ഇവിടെ രണ്ടരവർഷക്കാലം തികച്ച് ഭരിക്കാൻ കഴിഞ്ഞില്ലായെന്നുള്ളകാര്യം നിങ്ങൾ മറക്കരുത്. ഇവിടെ ഭൂരിപക്ഷം ഞങ്ങൾക്ക് കിട്ടി. ശ്രീ. കരുണാകരൻറെ നേതൃത്വത്തിൽ ഈ ഗവൺമെൻറ് ധീരമായി മുന്നോട്ടുപോവുകയാണ് അഞ്ചുവർഷക്കാലം പൂർത്തിയാക്കി ജനങ്ങളുടെ മദ്ധ്യത്തിലേക്ക് ഇറങ്ങിച്ചെന്ന് ജനപിന്തുണയോടുകൂടി വീണ്ടും ഇവിടെ വന്ന് ഈ രാജ്യം ഭരിക്കാൻ ഈ ഗവൺമെൻറിന് സാധിക്കുമെന്നേ നിങ്ങളോട് ഞങ്ങൾക്ക് പറയാനുള്ളു. പറയാത്ത കാര്യങ്ങൾ പറഞ്ഞുവെന്ന് പറഞ്ഞ് ഗീബൽസിൻറെ തന്ത്രം ആവർത്തിച്ച്, ഒരു നുണ പല തവണ ആവർത്തിച്ച് ഈ ഗവൺമെൻറിനെ കൊച്ചാക്കാമെന്ന് നിങ്ങൾ ധരിച്ചാൽ ജനമദ്ധ്യത്തിൽ അത് വിലപ്പോവുകയില്ല. എന്നുകൂടി പറയാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. ഭരണഘടനാപരമായി, ഭരണഘടനയ്ക്ക് വിധേയമായി ഭരണഘടനയോട് കൂറും വിശ്വാസവും പുലർത്തിക്കൊണ്ട് മുന്നോട്ട് പോകുന്ന ഒരു ഗവൺമെൻറ് എന്നുള്ള നിലയിൽ ഞങ്ങൾ കൊണ്ടുവന്നിരിക്കുന്ന ഈ ബില്ല് ഭരണഘടനാനുസൃതമാണ്. ഇത് പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

1986-ലെ ഗാന്ധിജി സർവ്വകലാശാല (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രശ്നം.....

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഞാൻ പോയം ആവശ്യപ്പെടുന്നു.

(സഭ താഴെ പറയും പ്രകാരം വേർതിരിഞ്ഞ് വോട്ടെടുപ്പ് നടത്തി):

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ—63

1. ശ്രീ. എ. വി. അബ്ദുറഹിമാൻഹാജി
2. ,, പി. എം. അബൂബേക്കർ
3. ,, ഇ. അഹമ്മദ്
4. ,, കൊരമ്പയിൽ അഹമ്മദ്ഹാജി
5. ,, സി. ടി. അഹമ്മദ്അലി
6. ,, കെ. അവുക്കാദർകുട്ടിനഹ
7. ,, തെന്നല ജി. ബാലകൃഷ്ണപിള്ള
8. ,, പി. കെ. കെ. ബാവ
9. ,, യു. എ. ബീരാൻ
10. ,, ബെന്നിബഹനാൻ
11. ,, പി. ടോസ്കരൻ
12. ,, വി. ദിനകരൻ
13. ,, എം. പി. ഗംഗാധരൻ
14. ,, പി. സി. ജോർജ്ജ്
15. ,, കെ. എം. ഹംസക്കുഞ്ഞ്
16. ,, എം. എം. ഹസ്സൻ
17. ,, എം. പി. എം. ഇസ്ഹാക്ക്കുരിക്കൾ
18. ,, എ. എൽ. ജേക്കബ്
19. ,, ടി. എം. ജേക്കബ്
20. ,, ടി. എസ്. ജോൺ
21. ,, എ. സി. ജോസ്
22. ,, ജോസ്കുറിയാനി
23. ഡോക്ടർ കെ. സി. ജോസഫ്
24. ശ്രീ. പി. ജെ. ജോസഫ്
25. ,, വി. വി. ജോസഫ്
26. ശ്രീമതി എം. കമലം
27. ശ്രീ. കെ. ജി. ആർ. കർത്താ
28. ,, കെ. കരുണാകരൻ
29. ,, പി. കെ. കുഞ്ഞാലിക്കുട്ടി
30. ,, മണിമംഗലത്തുകുട്ട്യാലി
31. ,, ഇ. ജെ. ലൂക്കോസ്
32. ,, കെ. പി. എ. മജീദ്
33. ,, എം. വി. മാണി
34. ,, കെ. മുഹമ്മദാലി
35. ,, ഇ. ടി. മുഹമ്മദ്ബഷീർ
36. ,, പി. എ. മുഹമ്മദ്കണ്ണ്
37. ,, പി. വി. മുഹമ്മദ്
38. ,, കെ. പി. നൂറുദ്ദീൻ
39. ,, ഉമ്മൻചാണ്ടി
40. ,, സി. വി. പത്മരാജൻ
41. ,, തച്ചടി പ്രഭാകരൻ
42. ,, കെ. രാഘവൻ മാസ്റ്റർ
43. ,, രാഘവൻ പൊഴക്കടവിൽ
44. ,, കെ. കെ. രാമചന്ദ്രൻമാസ്റ്റർ
45. ,, എസ്. രാമചന്ദ്രൻപിള്ള

LIBRARY ARCHIVES Kerala Legislative Assembly

46. ശ്രീ. തോമ്പിൽ രാമകൃഷ്ണൻ
47. ,, കെ. പി. രാമൻ
48. ,, രമേശ് ചെന്നിത്തല
49. ,, തോപ്പിൽ രവി
50. ,, എൻ. ശക്തൻ നാടാർ
51. ,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ
52. ,, കടവൂർ ശിവദാസൻ
53. ,, നാലകത്തു സൂപ്പി
54. ,, കെ. കെ. ശ്രീനിവാസൻ
55. ,, എൻ. ശ്രീനിവാസൻ
56. ,, പന്തളം സുധാകരൻ
57. ,, കോട്ടക്കുഴി സുകുമാരൻ
58. ,, സി. എ. സുന്ദരം
59. ,, എൻ. സുന്ദരൻ നാടാർ
60. ,, പി. പി. തങ്കച്ചൻ
61. ,, കെ. കെ. തോമസ്
62. ,, തോമസ് കല്ലംപള്ളി
63. ,, സ്റ്റീഫൻപാദുവ

പ്രതികൂലിക്കുന്നവർ—45

1. ശ്രീ. കെ. പി. അരവിന്ദാക്ഷൻ
2. ,, ടി. കെ. ആറുമുഖൻ
3. ,, ബേബിജോൺ
4. ,, കോടിയേരി ബാലകൃഷ്ണൻ
5. ,, ഒ. രേതൻ
6. ,, കെ. ആർ. ചന്ദ്രമോഹനൻ
7. ,, കെ. ചന്ദ്രശേഖരൻ
8. ,, എൻ. ചന്ദ്രശേഖരക്കുറുപ്പ്
9. ,, വി. എസ്. ചന്ദ്രശേഖരൻപിള്ള
10. ,, സിറിയക് ജോൺ
11. ശ്രീമതി പി. ദേവൂട്ടി
12. ശ്രീ. കെ. ജെ. ജോർജ്ജ്
13. ,, എസ്. ഗോവിന്ദക്കുറുപ്പ്
14. ,, കെ. ഇ. ഇസ്മായിൽ
15. ,, ഇ. കെ. നായനാർ
16. ,, വി. സി. കബീർ
17. ,, വി. കേശവൻ
18. ,, കെ. കൃഷ്ണൻകുട്ടി
19. ,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
20. ,, കെ. ടി. കുമാരൻ
21. ,, പി. കുമാരൻ
22. ,, പി. വി. കുഞ്ഞിക്കണ്ണൻ
23. ,, ലോനപ്പൻ നമ്പാടൻ
24. ,, കെ. മൂസ്സക്കുട്ടി
25. ,, എ. കെ. പത്മനാഭൻ
26. ,, ഇ. പത്മനാഭൻ

LIBRARY ARCHIVES Kerala Legislative Assembly

27. ശ്രീ. കെ. പങ്കജാക്ഷൻ
28. ,, ടി. പി. പീതാംബരൻ മാസ്റ്റർ
29. ,, കെ. പി. പ്രഭാകരൻ
30. ,, കെ. പുരുഷോത്തമൻ
31. ശ്രീമതി റേയ്ച്ചൽ സണ്ണി പനവേലി
32. ശ്രീ. വർക്കല രാധാകൃഷ്ണൻ
33. ,, എം. വി. രാഘവൻ
34. ,, വി. കെ. രാജൻ
35. ,, കാനം രാജേന്ദ്രൻ
36. ,, എ. കെ. ശശീന്ദ്രൻ
37. ,, എ. സി. ഷൺമുഖദാസ്
38. ,, കെ. വി. സുരേന്ദ്രനാഥ്
39. ,, എ. വി. താമരാക്ഷൻ
40. ,, സി. കെ. തങ്കപ്പൻ
41. ,, വി. ജെ. തങ്കപ്പൻ
42. ,, എസ്. ആർ. തങ്കരാജ്
43. ,, ആർ. എസ്. ഉണ്ണി
44. ,, ജി. വരദൻ
45. ,, പി. വിജയദാസ്

നിഷ്പക്ഷർ—ഇല്ല

അനുകൂലിക്കുന്നവർ—63

പ്രതികൂലിക്കുന്നവർ—45

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

1986-ലെ ഗാന്ധിജി സർവ്വകലാശാല (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചതായി പ്രഖ്യാപിക്കപ്പെട്ടു. ബിൽ സഭ പാസ്സാക്കി.

ശ്രീ. കെ. ചന്ദ്രശേഖരൻ:

* * *

മി. സ്പീക്കർ: ഞാൻ ഇത് അനുവദിക്കുകയില്ല. ശ്രീ. ചന്ദ്രശേഖരൻ കേരള സിവിൽ കോടതി ബില്ലിനെക്കുറിച്ച് എന്തോ പറയാനാണെന്നാണ് ചെയർ കരുതിയത്. അനവസരത്തിലുള്ള അങ്ങയുടെ പ്രയോഗം രേഖയിലുണ്ടായിരിക്കുകയില്ല.

(ശ്രീ. കെ. ചന്ദ്രശേഖരന്റെ പരാമർശം രേഖയിൽനിന്ന് നീക്കം ചെയ്തതിനെത്തുടർന്ന് പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ ഡയസ്സിനു മുമ്പിൽ വന്നുനിന്ന് മുദ്രാവാക്യം മുഴക്കിക്കൊണ്ടിരുന്നു).

(5) 1986-ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 1986-ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ പരിഗണനക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു..... (ബഹളം).....

* സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാനടപടികളിൽ നിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly